2. രാജ്യം, സ്വതന്ത്ര ഭാരതത്തിലെ ഏറ്റവും വലിയ ഒരു ദുരന്തത്തിന്റെ പിടിയിലായിരിക്കുന്ന സയമത്താണ് ഈ സമ്മേളനം നടക്കുന്നത്. ഈ വർഷം ജനുവരി ഇരുപത്തിആറാം തീയതി ഉണ്ടായ ദാരുണമായ ഭൂകമ്പം ആയിരക്കണക്കിനാളുകളുടെ ജീവൻ അപഹരിക്കുകയും ഗുജറാത്തിന്റെ പല ഭാഗങ്ങളിലായി ലക്ഷക്കണക്കിനാളുകൾക്ക് മുറിവേൽപ്പിക്കുകയുമുണ്ടായി. അത് കെട്ടിടങ്ങൾക്കും വ്യവസായ സ്ഥാപനങ്ങൾക്കും ഭീമമായ നാശനഷ്ടങ്ങൾ ഉണ്ടാക്കുകയും തൽഫലമായി അനേകായിരം കോടി രൂപയുടെ നഷ്ടം സംഭവിക്കുകയുമുണ്ടായി. പ്രിയപ്പെട്ടവർ നഷ്ടപ്പെട്ട്, വസ്തുവകകൾ നഷ്ടപ്പെട്ട്, തങ്ങൾക്കുള്ളതെല്ലാം തന്നെയും നഷ്ടപ്പെട്ട് ജീവിതം തീർത്തും ദുരിതപൂർണ്ണമാക്കപ്പെട്ട ഗുജറാത്തിലെ നിർഭാഗ്യവാൻമാരായ ജനങ്ങളോട് കേരളത്തിലെ മുഴുവൻ ജനതയും അവരുടെ അനുകമ്പ പ്രകടിപ്പിച്ചിട്ടുണ്ട്. ദുരന്തത്തിന്റെ ഈ വിഷമ ഘട്ടത്തിൽ രാഷ്ട്രം ഗുജറാത്തിന് എല്ലാവിധ പിന്തുണയും നൽകി ഒത്തൊരുമയോടെ നിലകൊണ്ടു. സർവസംഹാരയായ ഭൂകമ്പത്തിന്റെ ഫലമായി കഷ്ടത അനുഭവിക്കുന്ന ആ സംസ്ഥാനത്തിലെ ജനങ്ങളുടെ സഹായത്തിനായി കേരളവും മുമ്പോട്ടുവന്നു.

3. കഴിഞ്ഞ അഞ്ച് വർഷക്കാലമായി സംസ്ഥാനത്തിന്റെ സമ്പദ്ഘടനയും ജനങ്ങളുടെ ജീവിതനിലവാരവും മെച്ചപ്പെടുത്തുന്നതിനായി വിവിധ പരിപാടികൾ എന്റെ ഗവൺമെന്റ്, നടപ്പിൽ വരുത്തുകയുണ്ടായി. ക്രമസമാധാനപാലനം ഏതൊരു വികസനത്തിന്റെയും അടിസ്ഥാനഘടകമാണ്. രാജ്യത്തിന്റെ മറ്റു

LIBRARY ARCHIVES Kerala Legislative Assembly

പല ഭാഗങ്ങളിൽ കുഴപ്പങ്ങളുണ്ടായികൊണ്ടിരുന്നപ്പോഴും, കേരളം കഴിഞ്ഞ അഞ്ച് വർഷക്കാലമായി ഒരു സമാധാന മേഖലയായി നിലകൊണ്ടു. ന്യൂഡൽഹിയിലെ 'രാജീവ് ഗാന്ധി ഇൻസ്റ്റിറ്റ്യൂട്ട് ഫോർ കണ്ടമ്പററി സ്റ്റഡീസ്' എന്ന സ്ഥാപനം അടുത്തകാലത്ത് നടത്തിയ പഠനത്തിൽ, ക്രമസമാധാന കാര്യത്തിൽ രാജ്യത്തെ ഒന്നാംസ്ഥാനം കേരളത്തിന് നൽകിയിട്ടുണ്ട്. അധികാരവികേന്ദ്രീകരണവും ജനകീയാസൂത്രണ പ്രചാരണ പരിപാടികളും സംസ്ഥാനത്ത് വികസനത്തിന്റെ ഒരു പുതിയ അന്തരീക്ഷം സൃഷ്ടിച്ചിട്ടുണ്ട്. വൈദ്യുതോൽപ്പാദനത്തിൽ സംസ്ഥാനത്തെ സ്വയംപര്യാപ്തമാക്കിക്കൊണ്ട് ഊർജ്ജ മേഖല മഹത്തായ പുരോഗതി കൈവരിച്ചു. കേരളത്തെ പുരോഗതിയുടെയും സമൃദ്ധിയുടെയും പാതയിൽ എത്തിച്ചുകൊണ്ട് എന്റെ ഗവൺമെന്റ് അതിന്റെ ഇപ്പോഴത്തെ കാലാവധി ജയഘോഷത്തോടെ നിസ്സംശയം പൂർത്തിയാക്കുന്നതാണ്.

4. രാജ്യം അതിന്റെ ചരിത്രത്തിലെ ഒരു നിർണ്ണായകഘട്ടത്തിലൂടെ കടന്നുപൊയ്ക്കൊണ്ടിരിക്കുകയാണ്. സാമ്പത്തിക സ്ഥിതി വഷളായിരിക്കുകയാണ്. കാർഷിക വിഭവങ്ങളുടെ വിവേചനരഹിതമായ ഇറക്കുമതി കാർഷിക ഉൽപ്പന്നങ്ങളുടെ കുത്തനെയുള്ള വിലയിടിവിനിടവരുത്തുകയും കർഷകരുടെ ജീവിതം ദുരിതപൂർണ്ണമാക്കുകയും ചെയ്തു. അതുപോലെ വ്യാവസായിക ഉൽപ്പന്നങ്ങളുടെ ഇറക്കുമതിയും രാജ്യത്തെ വ്യവസായ മേഖലകൾക്ക് ഒരു കനത്ത പ്രഹരമേൽപ്പിച്ചിട്ടുണ്ട്.

5. കാർഷിക വ്യവസായ മേഖലകളിലെ കടന്നാക്രമണവും അതുപോലെ എൽ.പി.ജി., മണ്ണെണ്ണ, പെട്രോൾ, ഡീസൽ എന്നിവയുടെ അഭൂതപൂർവമായ വിലക്കയറ്റവും സാധാരണ ജനങ്ങളുടെ ജീവിതം ദുരിതപൂർണ്ണമാക്കി. അനേക ദശലക്ഷം ടൺ ധാന്യം ഫുഡ് കോർപ്പറേഷൻ ഗോഡൗണുകളിൽ കെട്ടിക്കിടക്കുമ്പോൾ, പൊതുവിതരണ സമ്പ്രദായത്തിലൂടെ വിതരണം ചെയ്യപ്പെട്ട അരി, ഗോതമ്പ് മുതലായവയുടെ വില സാധാരണക്കാരന് അപ്രാപ്യമാക്കിയിരിക്കുന്നു. വളരെയേറെ സംസ്ഥാനങ്ങൾ രൂക്ഷമായ വരൾച്ചയും വെള്ളപ്പൊക്കവും കൊണ്ട് ദുരിതമനുഭവിക്കുകയും ജനങ്ങൾ പട്ടിണികിടക്കുകയും ചെയ്യുമ്പോൾ കേന്ദ്രസർക്കാരിന്റെ ദുരുപദിഷ്ടമായ ഭക്ഷ്യനയത്തിന്റെ ഫലമായി ടൺകണക്കിന് ഭക്ഷ്യധാന്യങ്ങൾ ഫുഡ് കോർപ്പറേഷന്റെ ഗോഡൗണുകളിൽ കെട്ടിക്കിടന്ന് നശിക്കുന്നു.

6. ആഗോളവൽക്കരണത്തിന്റെയും ഉദാരവൽക്കരണത്തിന്റെയും സ്വകാര്യവൽക്കരണത്തിന്റെയും നയങ്ങൾ സാമ്രാജ്യത്വമോഹമുള്ള ബഹുരാഷ്ട്രകുത്തകകളും ലോക സംഘടനകളും ഒരുക്കിയ കെണിയിൽ വീഴ്ത്തുന്നതിന് രാജ്യത്തെ കൊണ്ടുചെന്നെത്തിക്കുക മാത്രമാണ് ചെയ്തിട്ടുള്ളത്. പാവപ്പെട്ട ജനങ്ങളുടെ അവസ്ഥ ദുരിതപൂർണ്ണമായി തുടരുന്നതും, വർദ്ധിച്ചുവരുന്ന പണപ്പെരുപ്പവും ഇരുളടഞ്ഞഭാവിയുമാണ് ഫലം. ഈ ജനവിരുദ്ധനയം ഏറ്റവും കൂടുതൽ ബാധിച്ചിട്ടുള്ളത് കേരളത്തിലെ ജനങ്ങളെയാണ്. സംസ്ഥാനത്തെ പ്രധാന കാർഷികോൽപ്പന്നങ്ങളെല്ലാം കുത്തനെയുള്ള വിലയിടിവിനെ നേരിടുകയാണ്. തേങ്ങ, അടയ്ക്ക, റബ്ബർ, തേയില, കാപ്പി,

LIBRARY ARCHIVES Kerala Legislative Assembly

കുരുമുളക്, ഏലം തുടങ്ങി സംസ്ഥാനത്തിലെ ഏതാണ്ട് എല്ലാ കാർഷിക ഉൽപ്പന്നങ്ങളെയും ഇത് പ്രതികൂലമായി ബാധിച്ചിട്ടുണ്ട്. സംസ്ഥാനത്തെ സമ്പദ് വ്യവസ്ഥ, കാർഷിക ഉൽപ്പന്നങ്ങളുടെ വിലയിടിവുമൂലം ഗുരുതരമായ വെല്ലുവിളികൾ നേരിടുകയാണ്; ഈ സാഹചര്യം കേന്ദ്ര സർക്കാർ നടപ്പിലാക്കി വരുന്ന പുതിയ സാമ്പത്തിക നയംമൂലമാണ്. ഈ സംഭവവികാസങ്ങൾ വരുത്തി വച്ച പ്രശ്നങ്ങളും ഭീഷണികളും നാം തരണം ചെയ്യേണ്ടതായിട്ടുണ്ട്. എന്റെ ഗവൺമെന്റ് കഴിഞ്ഞ അഞ്ചുവർഷക്കാലമായി ഈ ദിശയിലുള്ള നടപടികൾ സ്വീകരിച്ചുകൊണ്ടിരിക്കുകയുമാണ്.

7. രാജ്യം ഗുരുതരമായ ഒരു സാമ്പത്തിക പ്രതിസന്ധി നേരിടുകയാണ്. ഈ പ്രതിസന്ധിയുടെ ഭാരം, വലിയ ഒരു അളവുവരെ സംസ്ഥാനങ്ങളിലേക്ക് മാറ്റപ്പെടുകയാണ്. ദേശീയതലത്തിൽ തുടർന്നുവരുന്ന നയങ്ങൾമൂലം സാമ്പത്തിക ബുദ്ധിമുട്ടുകൾ നേരിടാത്തതായി ഒരു സംസ്ഥാനംപോലും രാജ്യത്തില്ല. പതിനൊന്നാം ധനകാര്യകമ്മീഷന്റെ അവാർഡ് സംസ്ഥാനത്തിന് തികച്ചും പ്രതികൂലമാണ്. ഈ അവാർഡിന്റെ അടിസ്ഥാനത്തിൽ 3,600 കോടി രൂപ കേരളത്തിന് നഷ്ടപ്പെടുന്ന നിലയിലാണ്. ഭരണഘടനയിലെ 275-ാം അനുച്ഛേദത്തിൻകീഴിലെ ഡിസ്ക്രീഷനറി ഗ്രാന്റുകളുടെ കാര്യത്തിൽപോലും കേരളത്തിന്റെ വിഹിതം 50 ശതമാനത്തോളം കുറച്ചിട്ടുണ്ട്. കേന്ദ്ര സർക്കാർ പിന്തുടരുന്ന ഉദാരമായ ഇറക്കുമതി നയം നമ്മുടെ സമ്പദ് വ്യവസ്ഥയിൽ പ്രത്യേകിച്ച് കാർഷിക മേഖലയിൽ കടുത്ത ആഘാതം ഉണ്ടാക്കിയിട്ടുണ്ട്. കൃഷിയിലെ തുടർച്ചയായ മാന്ദ്യം റവന്യൂ നികുതി കുറയുന്നതിനു കാരണമായി. ഗുരുതരമായ ഈ പോരായ്മകളെല്ലാമുണ്ടായിരുന്നിട്ടും സർക്കാരിന് ധനകാര്യം നല്ലരീതിയിൽ നോക്കി നടത്തുന്നതിനും വികസന പ്രക്രിയയെ ഒരു തരത്തിലും ബാധിച്ചിട്ടില്ല എന്നുറപ്പുവരുത്തുന്നതിനും സാധിച്ചു. 1991-96 കാലയളവിൽ പല അവസരങ്ങളിലും ട്രഷറി അടച്ചിടേണ്ടതായി വന്നിരുന്നുവെങ്കിൽപോലും ഒരു ദിവസം പോലും ട്രഷറി അടച്ചിടേണ്ടതായ യാതൊരവസരവും ഉണ്ടായിട്ടില്ലെന്ന് എന്റെ ഗവൺമെന്റ് ഉറപ്പുവരുത്തി.

8. നമ്മുടെ ഭരണഘടനയ്ക്ക് അടിസ്ഥാനപരമായ മാറ്റങ്ങൾ വരുത്തുന്നതിന് വേണ്ടി ഇപ്പോൾ നടന്നുകൊണ്ടിരിക്കുന്ന ശ്രമങ്ങളെ സംബന്ധിച്ച് വിവിധഭാഗങ്ങളിൽ നിന്നും ഉത്കണ്ഠ രേഖപ്പെടുത്തിയിട്ടുണ്ട്. നമ്മുടെ പാർലമെന്ററി ജനാധിപത്യ സംവിധാനം ശക്തിപ്പെടുത്തുക എന്നതാണ് ഇന്നത്തെ ആവശ്യം. റിപ്പബ്ലിക് ദിനാവസരത്തിൽ രാഷ്ട്രപതിതന്നെ അദ്ദേഹത്തിന്റെ രാഷ്ട്രത്തോടായുള്ള പ്രസംഗത്തിൽ ഭരണഘടനയിൽ ഒരഴിച്ചുപണി നടത്തുന്നതിന്റെ അപകടാവസ്ഥയെക്കുറിച്ച് മുന്നറിയിപ്പ് നൽകുകയുണ്ടായി. രാഷ്ട്ര തലവനിൽ നിന്നുവരുന്ന ഈ മുന്നറിയിപ്പ് രാഷ്ട്രം ഗൗരവമായി എടുക്കേണ്ടതും പാർലമെന്ററി ജനാധിപത്യ വ്യവസ്ഥയെ ദുർബലമാക്കുന്ന യാതൊന്നും ചെയ്യാൻ പാടില്ലാത്തതുമാണ്.

9. വിദ്യാഭ്യാസ ആരോഗ്യമേഖലകളിൽ എന്റെ ഗവൺമെന്റ് അതീവ ശ്രദ്ധ പതിപ്പിച്ചിട്ടുണ്ട്. സംസ്ഥാനം സമ്പൂർണ്ണ സാക്ഷരത കൈവരിക്കുകയും വിവിധ

LIBRARY ARCHIVES Kerala Legislative Assembly

വിദ്യാഭ്യാസ പഠന ശാഖകളിലും പ്രമുഖ സ്ഥാനം നേടുകയും ചെയ്തിട്ടുണ്ട്. കുടുംബാസൂത്രണത്തിൽ നമുക്ക് ഒന്നാം സ്ഥാനവും നമ്മുടെ ആരോഗ്യമേഖലയിലെ നേട്ടങ്ങൾ മറ്റേതു സംസ്ഥാനങ്ങളേക്കാളും മെച്ചപ്പെട്ടതുമാണ്. എന്നാൽ ഈ മേഖലകൾക്കുള്ള സാമ്പത്തിക വിഹിതം നൽകുന്നതിലുള്ള ആസൂത്രണ കമ്മീഷന്റെ സമീപനം നിഷേധാത്മകവും തികച്ചും നിരുത്സാഹജനകവുമായിരുന്നു. സംസ്ഥാനത്തെ അവശ്യ സാധനങ്ങളുടെ വില നിയന്ത്രിക്കുന്നതിനു പകരിച്ച പൊതുവിതരണ സമ്പ്രദായം വളരെ കാര്യക്ഷമമായിരുന്നു എന്നു പറയാനുംകൂടി ഞാൻ ആഗ്രഹിക്കുകയാണ്.

10. സംസ്ഥാനത്ത് സാമുദായിക സൗഹാർദ്ദം നിലനിറുത്തുന്നതിന് എന്റെ ഗവൺമെന്റിന് കഴിഞ്ഞിട്ടുണ്ടെന്ന് പറയാൻ എനിക്ക് അഭിമാനവും സന്തോഷവും ഉണ്ട്. സ്ത്രീകളും കുട്ടികളും അടക്കം നൂറുകണക്കിനാളുകൾ സാമുദായിക ലഹളകളിൽ കൊല്ലപ്പെടുന്ന സംഭവങ്ങൾക്ക് രാജ്യത്തിന്റെ മറ്റ് പല ഭാഗങ്ങൾ സാക്ഷ്യം വഹിച്ചപ്പോഴും വിവിധ സമുദായങ്ങൾക്കും മതവിഭാഗങ്ങൾക്കുമിടയിൽ സമാധാനത്തിന്റെയും ഐക്യത്തിന്റെയും പുതിയ മാനങ്ങൾ തുറന്നുകൊണ്ട് സംസ്ഥാനത്ത് അവയെ തടയുവാൻ എന്റെ ഗവൺമെന്റിനു കഴിഞ്ഞു. എന്റെ ഗവൺമെന്റ് അധികാരത്തിൽ വരുന്നതിനു മുമ്പുള്ള അഞ്ച് വർഷക്കാലത്ത്, നാൽപതോളം ആളുകൾ സാമുദായിക ലഹളകളിൽ കൊല്ലപ്പെടുകയുണ്ടായി.

11. സമൂഹത്തിൽ അനിയന്ത്രിതമായിരിക്കുന്ന അഴിമതിയും ക്രിമിനൽവൽക്കരണവും രാജ്യത്തെ ഗുരുതരമായ ഒരു പ്രശ്നമായിരിക്കുകയാണ്. സമൂഹത്തെ ബാധിക്കുന്ന ഇത്തരം തിൻമകൾക്കെതിരെ എന്റെ ഗവൺമെന്റ് വിട്ടുവീഴ്ചയില്ലാത്ത നിലപാടാണ് സ്വീകരിച്ച് വരുന്നത്. സംസ്ഥാനത്തെ വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോയെ ശക്തിപ്പെടുത്തുകയും എല്ലാ അഴിമതി കേസുകളിലും കർശനമായ നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. ഗൗരവതരവും കോളിളക്കം സൃഷ്ടിച്ചതുമായ ധാരാളം കേസുകൾ, അന്വേഷണത്തിനുശേഷം കോടതി മുമ്പാകെ കൊണ്ടുവരുന്നതിനും പ്രതികളെ ശിക്ഷിക്കുന്നതിനും കഴിഞ്ഞിട്ടുണ്ട്.

12. കഴിഞ്ഞ ഏതാനും വർഷങ്ങളിലെ സംസ്ഥാനത്തിന്റെ മൊത്തത്തിലുള്ള സാമ്പത്തിക വളർച്ച ആസൂത്രകരുടെയും ജനങ്ങളുടെ പൊതുവെയുമുള്ള പ്രതീക്ഷകൾ നിറവേറ്റാൻ ഉതകുന്നവയായിരുന്നു. സംസ്ഥാന വരുമാനത്തിന്റെ താൽക്കാലിക കണക്കുകൾ പ്രകാരം സംസ്ഥാന ആഭ്യന്തര ഉൽപാദനത്തിൽ 1997-98-ൽ 5% വും, 1998-99ലും 1999-2000 -ത്തിലും 5.6% വീതവും വളർച്ച നേടുവാൻ കേരളത്തിനു കഴിഞ്ഞു. 1991-92 മുതൽ 1997-98 വരെയുള്ള കാലയളവിൽ കേരളത്തിന്റെ യഥാർത്ഥ ആഭ്യന്തര ഉൽപ്പാദനം 45.1 % വളർച്ച രേഖപ്പെടുത്തിയിട്ടുണ്ടെന്നാണ് റിസർവ് ബാങ്ക് ഓഫ് ഇൻഡ്യ പ്രസിദ്ധീകരിച്ച '1999-ലെ ഹാൻഡ് ബുക്ക് ഓഫ് സ്റ്റാറ്റിസ്റ്റിക്സ് ഓൺ ഇൻഡ്യൻ ഇക്കോണമി' കാണിക്കുന്നത്. ഇത് തമിഴ്നാട്, കർണ്ണാടക കൂടാതെ മറ്റ് പല സംസ്ഥാനങ്ങളുടേതിനേക്കാളും കൂടുതലാണ്.

LIBRARY ARCHIVES Kerala Legislative Assembly

13. ജനപങ്കാളിത്തത്തോടെയുള്ള വികേന്ദ്രീകൃത ആസൂത്രണം നടപ്പാക്കുക എന്നതായിരുന്നു എന്റെ ഗവൺമെന്റിന്റെ നയപരമായ ഒരു പ്രധാന തീരുമാനം. അതിൻപ്രകാരം, 9-ാം പദ്ധതിയുടെ കാലയളവിൽ, തദ്ദേശതലത്തിലുള്ള വിവിധ വികസന പദ്ധതികൾക്കു വേണ്ടി, 6000 കോടി രൂപ പദ്ധതി ഗ്രാന്റായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് നീക്കിവയ്ക്കുകയുണ്ടായി. ഇത് ഒൻപതാം പദ്ധതിയുടെ മൊത്തം അടങ്കലിന്റെ 37.27% ആണ്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് 2001-2002-ലെ വാർഷിക പദ്ധതിയിൽ നിർദ്ദേശിച്ചിട്ടുള്ള മൊത്തം തുക, പദ്ധതി ഗ്രാന്റായി 1065 കോടി രൂപയും സംസ്ഥാനം സ്പോൺസർ ചെയ്യുന്ന പദ്ധതികൾക്കുള്ള വിഹിതമായ 245.94 കോടിയും ഉൾപ്പെടെ ആകെ 1310.94 കോടി രൂപയാണ്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ അവയുടെ പ്രവർത്തനങ്ങളിൽ ഒരു പുതിയ ഉണർവും ഊർജ്ജസ്വലതയും പ്രകടിപ്പിക്കുകയുണ്ടായി. സമാധാനപരമായ ഒരു തെരഞ്ഞെടുപ്പിനുശേഷം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേക്ക് പുതുതായി തെരഞ്ഞെടുക്കപ്പെട്ട അംഗങ്ങൾ അവരുടെ ഉത്തരവാദിത്വങ്ങൾ ഏറ്റെടുത്തു കഴിഞ്ഞു. പുതിയ അംഗങ്ങളുടെ ഉത്സാഹം കൈമുതലാക്കിക്കൊണ്ട് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങളെ നല്ലയളവിൽ പുരോഗതിയിലേക്ക് നയിക്കാവുന്ന തരത്തിലുള്ള പ്രതീക്ഷാനിർഭരമായ ഒരു സാഹചര്യമാണ് എന്റെ ഗവൺമെന്റ് കാണുന്നത്. തെരഞ്ഞെടുക്കപ്പെട്ട ഓരോ അംഗത്തിനും തന്റെ ഉത്തരവാദിത്വങ്ങൾ ഏറ്റെടുത്തു നടത്തുവാൻ സജ്ജരാക്കുന്നതിനുള്ള ഒരു അടിസ്ഥാന പരിശീലനം നൽകി കഴിഞ്ഞു.

14. കഴിഞ്ഞ മൂന്നു വർഷക്കാലത്തിനിടയിൽ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മറ്റ് പലതിന്റെയും കൂടെ, കൂടുതലായി 1.26 ലക്ഷം ഹെക്ടർ ഭൂമിയിൽ കൃഷി ചെയ്യുകയും 35.72 ലക്ഷം ഗുണഭോക്താക്കൾക്ക് വിത്തുകളും വളങ്ങളും കീടനാശിനികളും വിതരണം ചെയ്യുകയും 3.06 ലക്ഷം ഭവനങ്ങളും 4.13 ലക്ഷം കക്കൂസുകളും നിർമ്മിക്കുകയും 1.18 ലക്ഷം വീടുകൾ നന്നാക്കുകയും ചെയ്യുകയുണ്ടായി. കൂടാതെ, 32,000 വാട്ടർ ടാപ്പുകൾ സ്ഥാപിക്കുകയും 87,000 കിണറുകൾ നിർമ്മിക്കുകയും 17,188 കി.മീ. റോഡുകളും 1725 പാലങ്ങളും 4010 കലുങ്കുകളും പൂർത്തിയാക്കുകയുമുണ്ടായി. നിരവധി സ്കൂളുകളും ആശുപത്രികളും ആഫീസ് കെട്ടിടങ്ങളും വ്യാപാര കേന്ദ്രങ്ങളും നിർമ്മിച്ചിട്ടുണ്ട്. തിരുവനന്തപുരം, കൊല്ലം ജില്ലകളിൽ എല്ലാ വിഭാഗം ആളുകൾക്കും വേണ്ടി സമ്പൂർണ്ണ ഭവന പദ്ധതി നടപ്പിലാക്കിക്കൊണ്ടിരിക്കുകയാണ്. സംസ്ഥാനത്തെ മിക്കവാറും എല്ലാ ഗ്രാമപഞ്ചായത്തുകളും പട്ടികജാതി-പട്ടിവർഗ്ഗക്കാർക്കായുള്ള സമ്പൂർണ്ണ ഭവന പദ്ധതി ഏറ്റെടുത്തു കഴിഞ്ഞു. അടുത്ത മൂന്ന് വർഷത്തിനകം വീടില്ലാത്ത എല്ലാ ആളുകൾക്കും വീട് ലഭ്യമാക്കുക എന്നുള്ളതാണ് ലക്ഷ്യം. തിരുവനന്തപുരം, തൃശ്ശൂർ ജില്ലകളിൽ എല്ലാവർക്കും കുടിവെള്ളം ലഭ്യമാക്കുന്നതിനുള്ള ഒരു കർമ്മപദ്ധതി നടപ്പിലാക്കിക്കൊണ്ടിരിക്കുകയാണ്. ജനകീയാസൂത്രണ പദ്ധതിയിൽ പട്ടികജാതിക്കാരും പട്ടികവർഗ്ഗക്കാരും സ്ത്രീകളും ഉൾപ്പെടെയുള്ള ദുർബ്ബല വിഭാഗങ്ങളുടെ പുരോഗതിക്കായി പ്രത്യേക ഊന്നൽ നൽകിയിട്ടുണ്ട്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക്

LIBRARY ARCHIVES Kerala Legislative Assembly

നൽകുന്ന മൊത്തം പദ്ധതി വിഹിതത്തിന്റെ പത്ത് ശതമാനം സ്ത്രീകൾക്ക് പ്രയോജനപ്പെടുന്ന പദ്ധതികൾക്കായി നീക്കിവച്ചിരിക്കുന്നു. സ്ത്രീകളെ ശക്തരാക്കുന്നതിന്റെയും ദാരിദ്ര്യം ലഘൂകരിക്കുന്നതിന്റെയും ആദ്യപടിയായി 31,000-ൽ പരം 'അയൽക്കൂട്ടങ്ങൾ' ഉണ്ടാക്കി.

15. അടിസ്ഥാന ആവശ്യങ്ങൾ നൽകുന്ന കാര്യത്തിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ പ്രശംസാർഹമായ നേട്ടം കൈവരിച്ചിട്ടുണ്ട്. 'നീർത്തടം' അടിസ്ഥാന യൂണിറ്റാക്കി, വിഭവാടിസ്ഥാനത്തിലുള്ള ആസൂത്രണത്തിൽ കേന്ദ്രീകരിച്ചുകൊണ്ട് പ്രാദേശിക ഉൽപ്പാദന സാദ്ധ്യതകൾ പൂർണ്ണമായും ചൂഷണം ചെയ്യാൻ സാധിക്കുമെന്നു കരുതുന്നു. തദ്ദേശതലത്തിൽ സ്ത്രീകൾക്ക് കൂടുതൽ പ്രാമുഖ്യം ലഭിക്കുന്ന തരത്തിലുള്ള വികസനം നടത്തുന്നതിനായിരിക്കും സാമൂഹ്യമേഖലയിലെ പരിശ്രമം. ഗിരിവർഗ്ഗക്കാർ, പരമ്പരാഗത മത്സ്യത്തൊഴിലാളികൾ തുടങ്ങിയ ദുർബ്ബലവിഭാഗങ്ങളുടെ പ്രശ്നങ്ങൾക്ക് ഏറെ ശ്രദ്ധ നൽകുന്നതാണ്. നടപ്പുവർഷം കുടുംബശ്രീ പദ്ധതികളുടെ പ്രവർത്തനങ്ങൾ 261 ഗ്രാമപഞ്ചായത്തുകളിൽ വ്യാപിപ്പിച്ചു. പാവപ്പെട്ട നിരവധി സ്ത്രീകളെ പുതിയ അവസരങ്ങളുടെ നേട്ടം കൊയ്യുന്നതിന് സഹായിക്കണമെന്ന കാഴ്ചപ്പാടോടുകൂടി ചെറിയ ചെറിയ സംരംഭങ്ങൾ 'ഗ്രീൻ ഫീൽഡ്' ഏരിയകളിൽ സ്ഥാപിക്കുന്നതിനുള്ള പ്രത്യേക ശ്രമത്തോടുകൂടി എന്റെ ഗവൺമെന്റ് വരും വർഷത്തിൽ കുടുംബശ്രീ പദ്ധതി വ്യാപിപ്പിക്കുന്നതാണ്. കോമൺ വെൽത്ത് അസോസിയേഷൻ ഫോർ പബ്ലിക് അഡ്മിനിസ്ട്രേഷൻ ആന്റ് മാനേജ്മെന്റ് ഏർപ്പെടുത്തിയ 2000-ലെ ഇന്റർനാഷണൽ ഇനവേഷൻസ് അവാർഡിൽ, കുടുംബശ്രീ പദ്ധതി, അഭിമാനാർഹമായ 'ഗോൾഡ് അവാർഡ്' നേടുകയും അതുവഴി അന്തർദ്ദേശീയ അംഗീകാരം കൈവരിച്ചതും അറിയിക്കാൻ എനിക്ക് സന്തോഷമുണ്ട്. സംസ്ഥാനത്തിന്റെ സമൂലമായ അധികാര വികേന്ദ്രീകരണ പരിപാടി അന്താരാഷ്ട്ര ശ്രദ്ധ ആകർഷിച്ചിട്ടുണ്ടെന്നും ഡോണർ ഏജൻസികൾ മുൻഉപാധികളില്ലാതെ പരിപാടിയെ സഹായിക്കാൻ മുന്നോട്ടുവന്നിട്ടുണ്ടെന്നും സൂചിപ്പിക്കാൻ എനിക്ക് സന്തോഷമുണ്ട്. ഗ്രാമപഞ്ചായത്തുകൾ നടപ്പിലാക്കേണ്ട ഗ്രാമീണ ജലവിതരണ പദ്ധതിക്ക് 89.8 ദശലക്ഷം യു.എസ്. ഡോളറിന്റെ ധനസഹായം ലോകബാങ്ക് നൽകിയിട്ടുണ്ട്. തദ്ദേശതലത്തിൽ വികസന സംരംഭങ്ങളിൽ സഹായിക്കുവാൻ ഏഷ്യാ വികസനബാങ്കും ഡച്ച് സർക്കാരും താൽപ്പര്യം കാണിച്ചിട്ടുണ്ട്.

16. തദ്ദേശ സ്ഥാപനങ്ങൾക്ക് ഫണ്ട് കൈമാറ്റം ചെയ്യുന്നതിനെപ്പറ്റി രണ്ടാം ധനകാര്യ കമ്മീഷൻ അതിന്റെ ആദ്യ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. ഈ റിപ്പോർട്ട് ഗവൺമെന്റിന്റെ പരിഗണനയിലാണ്. കമ്മീഷന്റെ രണ്ടാം റിപ്പോർട്ടിൽ തദ്ദേശ സ്ഥാപനങ്ങളിലെ ധനകാര്യ മാനേജ്മെന്റിന് സ്ഥിരത ഉണ്ടാക്കുന്നതിനുള്ള ശുപാർശകൾ ഉണ്ടായിരിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

17. എന്റെ ഗവൺമെന്റ്, സുപ്രീംകോടതിയുടെ നിർദ്ദേശങ്ങൾക്കനുസൃതമായി നഗരത്തിലെ ഖരമാലിന്യം നീക്കം ചെയ്യുന്നതിനുവേണ്ടി അനുയോജ്യമായ നടപടികൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മുഖാന്തിരം നടപ്പിലാക്കുന്നതിന്

LIBRARY ARCHIVES Kerala Legislative Assembly

മുൻഗണന നൽകി വരുന്നു. അതിൻപ്രകാരം, തിരുവനന്തപുരത്ത് വിളപ്പിൽശാലയിലും കോഴിക്കോട് ഞെളിയൻപറമ്പിലും ഖരമാലിന്യ സംസ്ക്കരണ പ്ലാന്റുകൾ സ്ഥാപിക്കുകയുണ്ടായി. കൊച്ചി, തൃശ്ശൂർ, കൊല്ലം കോർപ്പറേഷനുകളിലും പാലക്കാട് മുനിസിപ്പാലിറ്റിയിലും അത്തരത്തിലുള്ള പദ്ധതികൾ ആരംഭിക്കുന്നതിനുവേണ്ടി അനുമതി നൽകിക്കഴിഞ്ഞു. ഗോശ്രീ ദ്വീപുകളുടെ സമ്പൂർണ്ണവികസനം മുന്നിൽ കണ്ടുകൊണ്ടുള്ള 'ഗോശ്രീ പദ്ധതി' പ്രകാരം 84 കോടി രൂപയുടെ വൈപ്പിൻ പാലം പദ്ധതി നടപ്പിലാക്കുന്നത് ആരംഭിച്ചു കഴിഞ്ഞു. ബി.ഒ.ടി. വ്യവസ്ഥകൾ പ്രകാരം നിർമ്മിച്ചുകൊണ്ടിരിക്കുന്ന കേരളത്തിലെ ആദ്യത്തെ പാലമായ മട്ടാഞ്ചേരി പാലം ഈ വർഷം ഉദ്ഘാടനം ചെയ്യപ്പെടുന്നതാണ്.

18. വ്യാവസായികാവശ്യത്തിന് അനുയോജ്യമായ മാനവവിഭവശേഷി സംസ്ഥാനത്തിനുള്ളതിനാൽ ഇൻഫർമേഷൻ ടെക്നോളജി കേരളത്തിന്റെ സാമ്പത്തിക വികസനത്തിന് സുപ്രധാന വാഗ്ദ്ധാനമായി നിലകൊള്ളുന്നു. എന്റെ ഗവൺമെന്റ് മൂന്ന് വർഷം മുൻപ് പുരോഗമനപരവും പ്രതീക്ഷാപൂർണ്ണവുമായ ഒരു ഐ. ടി. നയം പ്രഖ്യാപിക്കുകയുണ്ടായി. സംസ്ഥാനത്ത് ശക്തവും ചലനാത്മകവുമായ ഐ. ടി. വ്യവസായം സ്ഥാപിക്കുക, ഇൻഫർമേഷൻ ടെക്നോളജിയിലൂടെ മാനവവിഭവശേഷിയുടെ ഗുണനിലവാരം ഉയർത്തുക, കൂടുതൽ കാര്യക്ഷമതയ്ക്കുവേണ്ടി സർക്കാർ തലത്തിൽ ഇൻഫർമേഷൻ ടെക്നോളജി പ്രയോഗത്തിൽ കൊണ്ടുവരിക എന്നിവയടങ്ങുന്ന ത്രിമുഖതന്ത്രമാണ് ഈ നയം കൊണ്ട് വ്യക്തമാക്കുന്നത്. ഐ.ടി.വ്യവസായത്തിന്റെ വികസനത്തിന് അനുകൂലമായ ഒരു സാഹചര്യം സൃഷ്ടിക്കുന്നതിന് മുൻകൈയെടുക്കാനുള്ള പ്രഖ്യാപനം കാര്യമായി സ്വാഗതം ചെയ്യപ്പെടുകയും സംസ്ഥാനത്തെ ഐ.ടി. നിക്ഷേപങ്ങൾ അടുത്ത ചില മാസങ്ങളിൽ പ്രോത്സാഹജനകമായ വളർച്ച കാണിക്കുകയും ചെയ്തു. ഐ.ടി. വ്യവസായത്തിനാവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ഉണ്ടാക്കുക എന്നത് ഭാവിയിൽ, വിവര സാങ്കേതികവിദ്യയുടെ സുസ്ഥിര വളർച്ചയിലേയ്ക്കുള്ള പാതയൊരുക്കുന്നു. ഈ ലക്ഷ്യത്തിലേയ്ക്കായി കൊച്ചിയിൽ ഒരു ഐ.ടി. പാർക്ക് സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നു. അത്യാധുനിക ഹൈടെക് സൗകര്യത്തോടുകൂടിയ പാർക്കായി വിഭാവനം ചെയ്യപ്പെട്ടിട്ടുള്ള പാർക്ക്, വിശേഷിച്ചും ഹൈബാൻഡ് വിഡ്ത്തിന്റെ ലഭ്യതയുടെ അടിസ്ഥാനത്തിൽ, സോഫ്റ്റ്വെയറിനും വിവര സാങ്കേതികവിദ്യ അടിസ്ഥാനമാക്കിയുള്ള സേവനങ്ങൾക്കുമായുള്ള പ്രവർത്തന കേന്ദ്രമായി വികസിപ്പിക്കുന്നതാണ്. തിരുവനന്തപുരത്തെ ടെക്നോ പാർക്കിന്റെ വികസനം നടന്നുകൊണ്ടിരിക്കുകയാണ്. എന്റെ ഗവൺമെന്റിന്റെ ഭരണ സംവിധാനം പരിഷ്ക്കരിക്കുകയും നവീകരിക്കുകയും ചെയ്യുന്ന ശ്രമത്തിന്റെ ഭാഗമായി, ഗവൺമെന്റിന്റെ നിർണ്ണായക മേഖലകളിൽ വിവര സാങ്കേതികവിദ്യ വ്യാപകമായി പ്രയോഗത്തിൽ കൊണ്ടുവരുന്നതിനുള്ള ഒരു പദ്ധതി ഏറ്റെടുത്തിട്ടുണ്ട്. സംയോജിത സേവനം നൽകുന്ന ജനസേവന കേന്ദ്രങ്ങളും, രജിസ്ട്രേഷൻ വകുപ്പിന്റേയും ട്രഷറി വകുപ്പിന്റേയും കമ്പ്യൂട്ടർവൽക്കരണവും സാധാരണ ജനങ്ങളുടെ വൈഷമ്യങ്ങൾ ലഘൂകരിക്കുന്നതിൽ ബഹുദൂരം മുന്നോട്ടുപോയിട്ടുണ്ട്. സംസ്ഥാനത്തെ

LIBRARY ARCHIVES Kerala Legislative Assembly

അറുപതുലക്ഷം സ്കൂൾ വിദ്യാർത്ഥികൾക്ക് വിവര സാങ്കേതിക വിദ്യാഭ്യാസം നൽകുന്നതിനുവേണ്ടി എന്റെ ഗവൺമെന്റ്, 'ഐ. ടി. @ സ്കൂൾ' എന്ന ഒരു വലിയ പദ്ധതി തുടങ്ങാൻ ഉദ്ദേശിക്കുന്നു. സംസ്ഥാനത്ത് വ്യവസായത്തിന്റെ വർദ്ധിച്ചുകൊണ്ടിരിക്കുന്ന ആവശ്യങ്ങൾ നിറവേറ്റുന്നതിലേക്കായി ഐ.ടി. ബിരുദധാരികളുടേയും കമ്പ്യൂട്ടർ ബിരുദധാരികളുടേയും എണ്ണം വർദ്ധിപ്പിക്കുന്നതിനുവേണ്ടി കഴിഞ്ഞവർഷം ആരംഭിച്ച ഐ.ഐ.ഐ.റ്റി.എം.- കെ പ്രവർത്തനക്ഷമമായിട്ടുണ്ട്.

19. പൊതുവിതരണ സമ്പ്രദായത്തെ സംബന്ധിച്ചിടത്തോളം, കേരളം ഒരു മാതൃകാ സംസ്ഥാനമായാണ് കരുതപ്പെടുന്നത്. കേന്ദ്ര സർക്കാർ നിശ്ചിച്ചിട്ടുള്ള 25.43 % എന്ന സീലിംഗിനുപരിയായി അധികച്ചെലവ് പൂർണ്ണമായും സംസ്ഥാന ഖജനാവിൽ നിന്നും വഹിച്ചുകൊണ്ട്, എന്റെ ഗവൺമെന്റ് ലക്ഷ്യമിട്ട പൊതുവിതരണസമ്പ്രദായത്തിന്റെ ആനുകൂല്യം അതിന് അർഹരായ എല്ലാ ദരിദ്രകുടുംബങ്ങൾക്കും നൽകുകയുണ്ടായി. സംസ്ഥാനത്തെ ദാരിദ്ര്യരേഖയ്ക്ക് മുകളിലുള്ള കാർഡ് ഉടമകൾക്കുപോലും കിലോഗ്രാമിന് 10 രൂപ നിരക്കിൽ അരി വിതരണം ചെയ്യുന്നു. ഈ ആവശ്യങ്ങൾക്കായി സംസ്ഥാന ബഡ്ജറ്റിൽ 150 കോടി രൂപ നീക്കി വച്ചിട്ടുണ്ട്. കേന്ദ്ര സർക്കാരിൽ നിന്നുള്ള പഞ്ചസാര വിഹിതം അപര്യാപ്തമായതിനാൽ റേഷൻ കടകളിലൂടെ വിതരണം ചെയ്യുന്നതിന് വേണ്ടി പഞ്ചസാര പൊതുവിപണിയിൽനിന്നും വാങ്ങിച്ചു വരികയാണ്. എഫ്. സി. ഐ.-യിൽ നിന്ന് വിതരണം ചെയ്യുന്ന ഭക്ഷ്യ ധാന്യങ്ങളുടെ ഗുണനിലവാരം തിട്ടപ്പെടുത്തുന്നതിന് ഒരു അനലിറ്റിക്കൽ ലാബ്രട്ടറിയുടെ സ്ഥാപനം, കേരള റേഷൻ വ്യാപാരി വ്യവസായ ക്ഷേമനിധി രൂപീകരണം, സിവിൽ സപ്ലൈസ് വകുപ്പിന്റെ കമ്പ്യൂട്ടർവൽക്കരണം, സിറ്റിസൻസ് ചാർട്ടർ നടപ്പിലാക്കൽ എന്നിവ എന്റെ ഗവൺമെന്റിന്റെ അടുത്ത കാലത്തെ ശ്രദ്ധേയമായ ചില നേട്ടങ്ങളാണ്.

20. എന്റെ ഗവൺമെന്റ് നടപ്പുവർഷത്തിൽ 93 പുതിയ മാവേലി സ്റ്റോറുകൾ തുറന്നിട്ടുണ്ട്. കൂടാതെ 8 മെഡിക്കൽ സ്റ്റോറുകളും 30 എൽ. പി. ജി. വിതരണ കേന്ദ്രങ്ങളും അടുത്ത വർഷം തുറക്കാൻ ഉദ്ദേശിക്കുന്നു. സംസ്ഥാനത്ത് ഉപഭോക്തൃ കോടതികളുടെ പ്രവർത്തനം ശക്തിപ്പെടുത്തുന്നതാണ്. അന്നപൂർണ്ണ-അന്ത്യോദയഅന്നയോജന പദ്ധതികൾ നടപ്പിലാക്കാനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. ദാരിദ്ര്യ രേഖയ്ക്ക് മുകളിലുള്ള കുടുംബങ്ങൾക്കുള്ള റേഷനും പഞ്ചസാരയുടെ പൊതുവിതരണവും നിർത്തലാക്കിക്കൊണ്ടുള്ള ഇൻഡ്യാ ഗവൺമെന്റിന്റെ നയപ്രഖ്യാപനത്തിന്റെ വെളിച്ചത്തിൽ ഇപ്പോഴത്തെ പൊതു വിതരണ സമ്പ്രദായം നിലനിർത്താൻ എന്റെ ഗവൺമെന്റ് മിച്ച സംസ്ഥാനങ്ങളിൽ നിന്നും നെഗോഷിയേറ്റഡ് പർച്ചേസ് ഉൾപ്പെടെയുള്ള മറ്റു മാർഗ്ഗങ്ങൾ ആരായുന്നതാണ്.

21. കഴിഞ്ഞ നാലു വർഷക്കാലത്ത് സാമൂഹ്യക്ഷേമരംഗത്ത് സുപ്രധാനങ്ങളായ പല നേട്ടങ്ങളും കൈവരിക്കാൻ എന്റെ ഗവൺമെന്റിന് സാധിച്ചിട്ടുണ്ട്. ലോക ബാങ്കിന്റെ സഹായത്തോടെ 43 പുതിയ പ്രോജക്ടുകൾ തുടങ്ങിക്കൊണ്ട്

LIBRARY ARCHIVES Kerala Legislative Assembly

ഐ.സി.ഡി.എസ്. പദ്ധതി സാർവ്വത്രികമാക്കുന്നതാണ്. വൃദ്ധജനങ്ങളുടെ പ്രയോജനത്തിനായി ഒരു കോടി രൂപയുടെ ഒരു പ്രത്യേകദുരിതാശ്വാസനിധി രൂപീകരിക്കുന്നതാണ്. അടുത്ത സാമ്പത്തിക വർഷം, ക്രിമിനൽ കുറ്റങ്ങൾക്കിരയാവുന്നവരുടെ പുനരധിവാസം ലക്ഷ്യമാക്കി ഒരു 'വിക്റ്റിം റിഹാബിലിറ്റേഷൻ പദ്ധതി' തുടങ്ങുന്നതാണ്. 83 വേൾഡ് ബാങ്കിതര ഐ.സി.ഡി.എസ്. പ്രോജക്ടുകളിലും 12,696 അംഗൻവാടി കേന്ദ്രങ്ങളിലും 'കിഷോറി ശക്തി യോജന' എന്ന പേരിൽ പെൺകുട്ടികൾക്കുള്ള അഡോളസന്റ് സ്കീമിന്റെ പരിഷ്ക്കരിച്ച പദ്ധതി നടപ്പിലാക്കുന്നതാണ്. വികലാംഗർക്കു വേണ്ടിയുള്ള സംസ്ഥാന കമ്മീഷന്റെ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുന്നതും സംസ്ഥാനത്തെ മുഴുവൻ വികലാംഗർക്കും തിരിച്ചറിയൽ കാർഡുകൾ വിതരണം ചെയ്യുന്നതുമാണ്.

22. സ്വാതന്ത്ര്യ സമരസേനാനികൾക്കും അവരുടെ ആശ്രിതർക്കും നൽകി വരുന്ന പെൻഷന് ഇത് ആദ്യമായി 7% ക്ഷാമബത്ത എന്റെ ഗവൺമെന്റ് അനുവദിക്കുകയുണ്ടായി. സ്വാതന്ത്ര്യസമര സേനാനികളുടെ മരണാനന്തര ചടങ്ങുകൾ സംബന്ധിച്ച് ചെലവുകൾക്കുള്ള സാമ്പത്തിക സഹായം 1000 രൂപയിൽ നിന്നും 3000 രൂപയായി ഉയർത്തി. സ്വാതന്ത്ര്യസമരസേനാനികളുടെ പെൻഷൻ 2000 രൂപയിൽ നിന്നും 3000 രൂപയായി വർദ്ധിപ്പിക്കുകയുണ്ടായി.

23. പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങളുടെ ഉന്നമനത്തിനുള്ള പ്രധാനപ്പെട്ട മേഖലകളായി വിദ്യാഭ്യാസം, പാർപ്പിടം, സാമ്പത്തിക വികസനം എന്നിവയ്ക്ക് എന്റെ ഗവൺമെന്റ് മുൻഗണന നൽകി. പട്ടികജാതി-പട്ടികവർഗ്ഗത്തിന്റെ ക്ഷേമത്തിനായുള്ള പദ്ധതികൾക്ക് ആവശ്യമായ വിഭവശേഷി ഗവൺമെന്റ് ഉറപ്പുവരുത്തിയതിന്റെ ഫലമായി ഉദ്ദിഷ്ട ലക്ഷ്യങ്ങൾ നിശ്ചിതസമയത്തിനു മുമ്പുതന്നെ കൈവരിക്കാൻ സാധിച്ചു. നാല് വർഷത്തിനുള്ളിൽതന്നെ 1.17 ലക്ഷം പട്ടികജാതി-പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് വീടുകൾ നൽകുവാൻ എന്റെ ഗവൺമെന്റിന് സാധിച്ചു. പട്ടികജാതി-പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കുവേണ്ടി, കഴിഞ്ഞ നാലു വർഷത്തിനുള്ളിൽ 16 മോഡൽ റെസിഡൻഷ്യൽ സ്കൂളുകളും രണ്ട് ആശ്രമം സ്കൂളുകളും കൂടി എന്റെ ഗവൺമെന്റ് ആരംഭിക്കുകയുണ്ടായി. ഈ കാലയളവിൽ പട്ടികജാതി-പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ വിദ്യാഭ്യാസത്തിനുള്ള കൺസഷൻ 70% ആക്കി ഉയർത്തുകയുണ്ടായി. പട്ടികവർഗ്ഗക്കാരെ, അവരുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് സഹായിക്കുന്നതിലേക്ക് ആയിരം പട്ടികവർഗ്ഗയുവാക്കളെ സജീവ സാമൂഹ്യ പ്രവർത്തകരായി നിയമിക്കുകയുണ്ടായി. പട്ടികജാതി സമൂഹത്തെ അവരുടെ വികസനപ്രവർത്തനങ്ങളിൽ സഹായിക്കുന്നതിലേക്ക് ഈ വർഷം 1049 പട്ടികജാതി കോ-ഓർഡിനേറ്റർമാരേയും നിയമിക്കുകയുണ്ടായി. കൃഷി ഭൂമി വിലയ്ക്കു വാങ്ങൽ പദ്ധതിപ്രകാരം, പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെടുന്ന കൃഷിഭൂമിയില്ലാത്ത കർഷകത്തൊഴിലാളികൾക്ക് 50 സെന്റ് ഭൂമിയെങ്കിലും വാങ്ങുന്നതിനായി 50,000 രൂപയുടെ സബ്സിഡി ഗവൺമെന്റ് നൽകുന്നതായിരിക്കും. പിന്നോക്ക വിഭാഗങ്ങളുടെ ക്ഷേമത്തിനായി ഒരു പ്രത്യേകവകുപ്പ് നടപ്പുവർഷം പ്രവർത്തനം ആരംഭിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly

കേരള സംസ്ഥാന പിന്നോക്കവിഭാഗ വികസന കോർപ്പറേഷൻ മുഖേന 19,319 ഗുണഭോക്താക്കൾക്ക് സ്വയംതൊഴിൽ സഹായമായി 75 കോടി രൂപ എന്റെ ഗവൺമെന്റ് വിതരണം ചെയ്തിട്ടുണ്ട്. പട്ടികജാതി പട്ടികവർഗ്ഗക്കാരുടെ പാർപ്പിട വൈദ്യുതീകരണം മുൻഗണനാടിസ്ഥാനത്തിൽ അടുത്തവർഷം ഏറ്റെടുക്കുന്നതാണ്. വനാന്തരങ്ങളിൽ വസിക്കുന്ന ആദിവാസി കുടുംബങ്ങളെ പുനരധിവസിപ്പിക്കുന്നതിന് മുന്തിയ പരിഗണന നൽകുന്നതാണ്. അട്ടപ്പാടിയിലെയും ഇടുക്കിയിലെയും ട്രൈബൽ ഹെൽത്ത് പ്രോജക്ടുകൾ പൂർത്തീകരിക്കുന്നതാണ്.

24. 1996-ൽ എന്റെ ഗവൺമെന്റ് അധികാരം ഏൽക്കുമ്പോൾ കേരളം കടുത്ത വൈദ്യുത ക്ഷാമം നേരിടുകയായിരുന്നു. ഏകദേശം 70% പവർകട്ടും പുറമെ അരമണിക്കൂർ വീതമുള്ള ചാക്രിക ലോഡ് ഷെഡിംഗുമാണ് ഉണ്ടായിരുന്നത്. ആത്മാർത്ഥമായ പ്രവർത്തനഫലമായി ഊർജ്ജ മേഖലയിൽ എന്റെ ഗവൺമെന്റിന് സ്വയം പര്യാപ്തത നേടാൻ കഴിഞ്ഞു. 1996-ൽ സംസ്ഥാനത്തെ ജലവൈദ്യുത സ്ഥാപിതശേഷി 1505.5 മെഗാവാട്ട് ആയിരുന്നു. കഴിഞ്ഞ 5 വർഷക്കാലത്തെ അക്ഷീണ പ്രയത്നത്തിന്റെ ഫലമായി 957.1 മെഗാവാട്ട് ഊർജ്ജം ഗ്രിഡിൽ വർദ്ധിപ്പിച്ച് മാർച്ച് 2000-ത്തോടെ ആകെ ശേഷി 2462.6 മെഗാവാട്ട് ആക്കുവാൻ സംസ്ഥാനത്തിന് കഴിഞ്ഞു. കുറ്റ്യാടി വിപുലീകരണപദ്ധതി, കൊച്ചി ബി.എസ്.ഇ.എസ്.ന്റെ നാലാം ഘട്ടം, കാസർഗോഡ് പവർകോർപ്പറേഷൻ ലിമിറ്റഡ് എന്നീ പദ്ധതികളുടെ കമ്മീഷനിംഗിലൂടെ 105.5 മെഗാവാട്ട് വൈദ്യുതികൂടി നടപ്പുവർഷം ഗ്രിഡിലേക്കും കൂട്ടിചേർക്കുന്നതാണ്. നിരവധി വർഷങ്ങളായി നിലനിന്നിരുന്ന കേരളത്തിന്റെ രണ്ടു ശാപങ്ങളായ പവർകട്ടും, ലോഡ്ഷെഡ്ഡിംഗും പൂർണ്ണമായി പിൻവലിക്കുവാൻ എന്റെ ഗവൺമെന്റിന് കഴിഞ്ഞു.

25. ഈ വർഷം 3.16 ലക്ഷം പുതിയ ഇലക്ട്രിക് കണക്ഷനുകൾ നൽകുകയും സംസ്ഥാനത്തെ എല്ലാ സെക്ഷനുകളിലേക്കും സ്പോട്ട് ബില്ലിംഗ് സമ്പ്രദായം വ്യാപിപ്പിക്കുകയും ചെയ്തിട്ടുണ്ട്. പ്രഖ്യാപിത ഊർജ്ജനയത്തിന് അനുസൃതമായി കേരള സംസ്ഥാനവിദ്യുച്ഛക്തി ബോർഡിനെ ജനറേഷൻ, ട്രാൻസ്മിഷൻ , ഡിസ്ട്രിബ്യൂഷൻ പ്രോഫിറ്റ് സെന്ററുകൾ എന്നിങ്ങനെ പുനഃക്രമീകരിക്കാനുള്ള നടപടികൾ എടുത്തു കഴിഞ്ഞു. വൈദ്യുതാപകടങ്ങൾക്ക് ഇരയാകുന്നവർക്ക് സാമ്പത്തിക സഹായം നൽകുന്നതിനായി അഭിമാനകരവും ജനോപകാരപ്രദവുമായ രണ്ട് ഇൻഷ്വറൻസ് പദ്ധതികൾ നടപ്പു സാമ്പത്തിക വർഷം ബോർഡ് ആരംഭിച്ചിട്ടുണ്ട്.

26. ശിശു പാഠ്യപദ്ധതിയിലൂടെ രാജ്യത്തിന്റെ ഇതര ഭാഗങ്ങൾക്ക് കേരളം മാതൃകയായി എന്നുള്ളത് അഭിമാനാർഹമായ ഒരു കാര്യമാണ്. വിദ്യാഭ്യാസ രംഗത്ത് നിലവിൽവന്ന പുതിയ ഉദ്യമങ്ങളും മാറ്റങ്ങളും നിലനിറുത്തുന്നതിന് എന്റെ ഗവൺമെന്റ് സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് ആന്റ് ട്രെയിനിംഗ് സ്ഥാപിക്കുന്നതും അത് സംസ്ഥാനത്തെ എല്ലാ വിദ്യാഭ്യാസപരിഷ്ക്കരണ

LIBRARY ARCHIVES Kerala Legislative Assembly

ശ്രമങ്ങൾക്കും മാർഗ്ഗനിർദ്ദേശവും ദിശാബോധവും നൽകുന്നതുമാണ്. പ്രീ-ഡിഗ്രി കോളേജുകളിൽ നിന്ന് വേർപ്പെടുത്തലും ഹയർ സെക്കന്ററി വിദ്യാഭ്യാസ പദ്ധതി നടപ്പിലാക്കലും നടപ്പ് അദ്ധ്യയനവർഷം തന്നെ പൂർത്തിയാക്കിയെന്നത് ചാരിതാർത്ഥ്യജനകമായ ഒരു സംഗതിയാണ്.

27. ഉന്നത വിദ്യാഭ്യാസരംഗത്ത്, സുസ്ഥിരവും അർത്ഥപൂർണ്ണവും ഗുണപരവുമായ പരിഷ്ക്കരണം കൊണ്ടുവരുന്നതിന് എന്റെ ഗവൺമെന്റ് ഫലപ്രദമായ നടപടികൾ സ്വീകരിക്കുന്നതാണ്. സംസ്ഥാനത്തെ കോളേജുകളെ ദേശീയ സ്ഥാപനങ്ങളുടെ ഗുണനിലവാരഅംഗീകാരം നേടുന്നതിന് പ്രാപ്തമാക്കുകയും ഉന്നത വിദ്യാഭ്യാസരംഗത്ത് 'സെന്റേഴ്സ് ഓഫ് എക്സലെൻസ്' സ്ഥാപിക്കുന്നതും ആയിരിക്കും. സഹകരണ മേഖലയ്ക്കൊപ്പം തന്നെ ഐ.എച്ച്.ആർ.ഡി.-യും എൽ.ബി.എസ്. സെന്ററും പുതിയ എൻജിനീയറിംഗ് കോളേജുകൾ ആരംഭിക്കുന്നതാണ്. തെരഞ്ഞെടുത്ത എഞ്ചിനീയറിംഗ് കോളേജുകളിൽ എം.സി.എ./എം.ബി.എ. കോഴ്സുകൾ ആരംഭിക്കുന്നതാണ്. തിരുവനന്തപുരത്തും തൃശ്ശൂരുമുള്ള എഞ്ചിനീയറിംഗ് കോളേജുകൾ വിവര സാങ്കേതിക വിദ്യയിൽ "സെന്റേഴ്സ് ഓഫ് എക്സലെൻസ്" ആയി ഉയർത്തുന്നതാണ്.

28. കേരള സ്പോർട്സ് ബിൽ 2000 ഡിസംബറിൽ ഈ അസംബ്ലി പാസ്സാക്കുകയുണ്ടായി. ഇത് സംസ്ഥാനത്ത് സ്പോർട്സിന്റെയും ഗെയിംസിന്റെയും ഉന്നമനവും വികസനവും ലക്ഷ്യമാക്കിയുള്ളതും പഞ്ചായത്തുതലം മുതൽ തന്നെ സ്പോർട്സിന്റെ വികസനം സംബന്ധിച്ചുള്ള പ്രവർത്തനം ഏകോപിപ്പിക്കുന്നത് ഉറപ്പു വരുത്തുന്നതുമാണ്. സമൂഹത്തിനായി യുവജനങ്ങൾക്ക് നൽകാവുന്ന സംഭാവനകളെ അംഗീകരിച്ചുകൊണ്ട് ഗവൺമെന്റ് ഒരു സംസ്ഥാന യുവജനനയം പ്രഖ്യാപിക്കുകയുണ്ടായി. ഈ നയം യുവജനങ്ങളുടെ സമഗ്രപുരോഗതിവിഭാവനം ചെയ്യുകയും ഈ മേഖലയിലെ വിവിധ വകുപ്പുകളുടെയും ഏജൻസികളുടെയും മെച്ചപ്പെട്ട ഏകീകൃത പ്രവർത്തനം ഉറപ്പാക്കാൻ ഉദ്ദേശിക്കുകയും ചെയ്യുന്നു.

29. എന്റെ ഗവൺമെന്റ് വിനോദ സഞ്ചാരത്തിന് ഒരു പുതിയ ഉണർവ് നൽകുകയും ആ വ്യവസായത്തെ കേരള സമ്പദ്ഘടനയുടെ വളർച്ചയ്ക്ക് ആക്കം കൂട്ടാൻ കഴിവുള്ള ഒരു വികസനയന്ത്രമായി മാറ്റുകയും ചെയ്തു. ലോകത്തിലെ "കണ്ടിരിക്കേണ്ട 50" സ്ഥലങ്ങളിൽ "കണ്ടെത്തിയ പറുദീസ"യായി പ്രകൃതിരമണീയമായ കേരളത്തെ "നാഷണൽ ജിയോഗ്രാഫിക് ട്രാവലർ" പുകഴ്ത്തിയിട്ടുണ്ട്. വേൾഡ് ട്രാവൽ ആന്റ് ടൂറിസം കൗൺസിൽ കേരളത്തെ ഒരു പങ്കാളി സംസ്ഥാനമായി തെരഞ്ഞെടുത്തിട്ടുമുണ്ട്. കഴിഞ്ഞ 5 വർഷങ്ങളിൽ 102% ത്തിലധികം വർദ്ധനവ് രേഖപ്പെടുത്തിക്കൊണ്ട് വിദേശ വിനോദ സഞ്ചാരികളുടെ എണ്ണം 2000-ാമാണ്ടിൽ 2 ലക്ഷം കവിഞ്ഞു. 300%ത്തിലധികം വർദ്ധന രേഖപ്പെടുത്തിക്കൊണ്ട്, ആഭ്യന്തര വിനോദസഞ്ചാരികളുടെ എണ്ണം 2000-ാമാണ്ടിൽ 50 ലക്ഷം കവിഞ്ഞു. വിനോദ സഞ്ചാരമേഖലയിൽ സ്വകാര്യ നിക്ഷേപം പ്രോൽസാഹിപ്പിക്കുന്നതിനും ടൂറിസ്റ്റ് ലക്ഷ്യസ്ഥാനങ്ങളുടെ വളർച്ച ത്വരിതപ്പെടുത്തുന്നതിനും അടിസ്ഥാന സൗകര്യ വികസനത്തിനും പുതിയതും

LIBRARY ARCHIVES Kerala Legislative Assembly

പിന്നോക്കവുമായ ലക്ഷ്യസ്ഥാനങ്ങൾ വികസിപ്പിക്കുന്നതിനും വേണ്ട സൗകര്യങ്ങളും പ്രചോദനവും നൽകുന്ന ഒരു പ്രേരകശക്തിയായി എന്റെ ഗവൺമെന്റ് പ്രവർത്തിച്ചു വരികയാണ്. വിനോദ സഞ്ചാരത്തിൽ ഏറ്റവും മികച്ച പ്രകടനം കാഴ്ചവച്ച സംസ്ഥാനത്തിന് ഭാരത സർക്കാർ ഏർപ്പെടുത്തിയ അവാർഡ് 2 വർഷം തുടർച്ചയായി 1998-99-ലും 1999-2000-ലും കേരളം നേടി എന്നത് അഭിമാനിക്കാവുന്ന സംഗതിയാണ്. ഇൻഡ്യയിലെ പ്രഥമ ഇക്കോ ടൂറിസ്റ്റ് സങ്കേതം കൊല്ലം ജില്ലയിലെ തെൻമലയിൽ ഈയിടെ ആരംഭിച്ചു. ടൂറിസ്റ്റ് സങ്കേതങ്ങളിൽ ലോകനിലവാരത്തിലുള്ള അടിസ്ഥാന സൗകര്യവികസനത്തിനാണ് ഇനി പ്രാധാന്യം. അതോടൊപ്പം സംസ്ഥാനത്തിന്റെ വടക്കും തെക്കും ഭാഗങ്ങളെ യോജിപ്പിക്കത്തക്കവിധം കായലുകളിൽ അടിസ്ഥാന സൗകര്യവികസന പദ്ധതികൾ നടപ്പിലാക്കാൻ എന്റെ ഗവൺമെന്റ് ഉദ്ദേശിക്കുന്നു. വേമ്പനാട്, അഷ്ടമുടി എന്നീ കായലുകളിൽ വിനോദസഞ്ചാര വകുപ്പ് ഉന്നത നിലവാരത്തിലുള്ള ജലകായികവിനോദങ്ങൾ വികസിപ്പിക്കുന്നതാണ്. വാഗമൺ അന്താരാഷ്ട്ര നിലവാരമുള്ള ഒരു പുതിയ മലയോര സുഖവാസകേന്ദ്രമായി വികസിപ്പിക്കുന്നതാണ്.

30. കഴിഞ്ഞ നാല് വർഷങ്ങളിലേറെയായി സംസ്ഥാനത്തെ കർഷകർക്ക് സാദ്ധ്യമായ എല്ലാ സഹായങ്ങളും എന്റെ ഗവൺമെന്റ് നൽകിവരുന്നു. അതിന്റെ ഫലമായി ഉല്പാദനത്തെയും ഉല്പാദനക്ഷമതയെയും സംബന്ധിച്ചിടത്തോളം കേരളത്തിലെ കാർഷിക മേഖല പുരോഗതിയുടെ വ്യക്തമായ ലക്ഷണങ്ങൾ പ്രകടിപ്പിക്കുന്നുണ്ട്. എന്നാൽ ഭാരത സർക്കാർ സ്വീകരിച്ച നയങ്ങൾ കാരണം നാളികേരത്തിന്റെയും കുരുമുളകിന്റെയും റബ്ബറിന്റെയും തേയിലയുടെയും കാപ്പിയുടെയും അടയ്ക്കയുടെയും വില കുത്തനെ താഴാൻ ആരംഭിച്ചപ്പോൾ എന്റെ ഗവൺമെന്റ് കർഷകരുടെ ബുദ്ധിമുട്ടുകൾ ലഘൂകരിക്കാൻ ഉതകുന്ന പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കുന്നതിൽ ശ്രദ്ധ കേന്ദ്രീകരിച്ചു. കൊപ്രയുടെ താങ്ങുവില പ്രഖ്യാപിക്കുന്നതിൽ ഭാരത സർക്കാർ ക്രമാതീതമായ കാലതാമസം വരുത്തിയപ്പോൾ 2000 മാർച്ചിൽ തന്നെ എന്റെ സർക്കാർ കൊപ്ര സംഭരണം ആരംഭിക്കാൻ മുൻകൈയെടുക്കുകയും നാളിതുവരെ സംസ്ഥാനത്ത് നിന്നും 77,228 മെട്രിക് ടൺ കൊപ്ര സംഭരിക്കുകയും ചെയ്തു. സംസ്ഥാനത്തെ റബ്ബർ കൃഷിക്കാരെ സഹായിക്കുന്നതിനുവേണ്ടി ബൃഹത്തായ ഒരു സമാഹരണ യജ്ഞം ആരംഭിക്കുകയും 2000 ഡിസംബർ വരെ 51,202 മെട്രിക് ടൺ റബ്ബർ സംഭരിക്കുകയും ചെയ്തിട്ടുണ്ട്.

31. കേരളത്തിലെ കർഷകർക്ക് അവരുടെ ഉൽപ്പന്നങ്ങളുടെ വിലയിടിവ് മൂലമുണ്ടായ സ്ഥിതിവിശേഷത്തോട് പൊരുത്തപ്പെടാൻ കഴിയത്തക്കവിധം അവർക്ക് ധനസഹായവും സാങ്കേതിക സഹായവും നൽകുന്നതിനുള്ള പദ്ധതികളുടെ നിര എന്റെ ഗവൺമെന്റ് തുടരുന്നതാണ്. അതോടൊപ്പംതന്നെ കാർഷികോൽപ്പാദന ക്ഷമത വർദ്ധിപ്പിക്കുന്നതിനുള്ള പരിശ്രമങ്ങൾ തുടരുന്നതുമാണ്. കർഷകരുടെ സജീവ പങ്കാളിത്തത്തോടെ നടപ്പാക്കിയ കേരള ഹോർട്ടികൾച്ചറൽ ഡവലപ്പ്മെന്റ് പ്രോഗ്രാം, പ്രയനത്നശാലികളായ കർഷകർക്ക് ഹോർട്ടികൾച്ചറൽ ഫാമിംഗിൽ നിന്നും ഉയർന്ന പ്രതിഫലം നേടാൻ

LIBRARY ARCHIVES Kerala Legislative Assembly

കഴിയുമെന്ന് സംശയാതീതമായി തെളിയിച്ചിട്ടുണ്ട്. ഹോർട്ടികൾച്ചർ, ഫ്ളോറികൾച്ചർ എന്നീ മേഖലകളിൽ കർഷകർക്ക് ആവശ്യമായ എല്ലാ സഹായങ്ങളും എന്റെ ഗവൺമെന്റ് തുടർന്നും നൽകുന്നതാണ്. കേരള വെജിറ്റബിൾ ആന്റ് ഫ്രൂട്ട് പ്രമോഷൻ കൗൺസിലിന്റെ രൂപീകരണം ഈ പ്രതിബദ്ധതയുടെ തെളിവായി പരിഗണിക്കാവുന്നതാണ്.

32. സങ്കര സന്താനോൽപ്പാദന സൗകര്യങ്ങൾ ശക്തിപ്പെടുത്തുന്നതിലൂടെയും സേവനങ്ങളുടെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിലൂടെയും ക്ഷീര മേഖലയിലെ ഉൽപ്പാദനക്ഷമത കൂടുന്നതിനുള്ള ഉദ്യമങ്ങൾ എന്റെ ഗവൺമെന്റ് തുടരുന്നതാണ്. സങ്കരിക്കുന്ന കൃത്രിമ ബീജസങ്കലന യൂണിറ്റുകളുടെ ഉപയോഗത്തിനായിട്ടുള്ള പൈലറ്റ് പ്രോജക്റ്റുകളും കറവ യന്ത്രങ്ങളും വിപുലമായി സ്വീകരിക്കപ്പെടുന്നതിനായി വികസിപ്പിക്കുകയും വ്യാപിപ്പിക്കുകയും ചെയ്യുന്നതാണ്.

33. കാര്യക്ഷമമായ നടപടികൾ സ്വീകരിച്ചതിലൂടെ സഹകരണ പ്രസ്ഥാനത്തെ സ്വയംപര്യാപ്തവും ചലനാത്മകവുമായ ഒരു മേഖലയാക്കി മാറ്റാൻ എന്റെ ഗവൺമെന്റിന് കഴിഞ്ഞിട്ടുണ്ട്. സ്വാശ്രയസംഘം എന്ന ആശയം സംസ്ഥാനമൊട്ടാകെ നടപ്പാക്കിയതുവഴി സംസ്ഥാനത്തിന്റെ കാർഷിക മേഖലയ്ക്ക് നവജീവൻ കൈവന്നിട്ടുണ്ട്. കിസ്സാൻ ക്രെഡിറ്റ് കാർഡ് നടപ്പിലാക്കിയതും 'നീതി സ്റ്റോറുകളും' 'നീതി മെഡിക്കൽ സ്റ്റോറുകളും' സ്ഥാപിച്ചതും ശ്രദ്ധേയമായ നേട്ടങ്ങളാണ്. എൻ.സി.ഡി.സിയുടെ സാങ്കേതികവും സാമ്പത്തികവുമായ സഹായത്തോടെ ആരംഭിച്ച ഇന്റഗ്രേറ്റഡ് കോ-ഓപ്പറേറ്റീവ് ഡവലപ്പ്മെന്റ് പ്രോജക്ട് (ഐ.സി.ഡി.പി.) സംസ്ഥാനത്തെ 13 ജില്ലകളിൽ നടപ്പാക്കികഴിഞ്ഞിട്ടുള്ളതും അത് തിരുവനന്തപുരം ജില്ലയിലേക്ക് കൂടി വ്യാപിപ്പിക്കുന്നതുമാണ്. കോ-ഓപ്പറേറ്റീവ് അക്കാഡമി ഓഫ് പ്രൊഫഷണൽ എഡ്യൂക്കേഷനും കോ-ഓപ്പറേറ്റീവ് ഇൻ ഇൻഷ്വറൻസ് സൊസൈറ്റിയും സ്ഥാപിച്ചത് അടുത്ത കാലത്തെ മറ്റു പ്രമുഖ നേട്ടങ്ങളാണ്. 1999-ലെ കേരള സഹകരണസംഘം (ഭേദഗതി) നിയമമുണ്ടാക്കിയത് മറ്റൊരു പ്രധാനപ്പെട്ട നേട്ടമാണ് . വനിതാ സഹകരണ സംഘങ്ങളുടെ പ്രവർത്തനം നവീകരിക്കും. അഭിമാനകരമായ 'ഗോശ്രീ' പദ്ധതിക്ക് സഹകരണ ബാങ്കുകളുടെ ഒരു കൺസോർഷ്യം, ധനസഹായം നൽകുന്നതാണ്. കൊച്ചിയിലെ സഹകരണ മെഡിക്കൽ കോളേജിന്റെയും മറ്റ് സമാന സ്ഥാപനങ്ങളുടെയും അടിസ്ഥാന സൗകര്യങ്ങളുടെ വികസനത്തനായി ഒരു 'കോ-ഓപ്പറേറ്റീവ് ഫോർ ഡെവലപ്പ്മെന്റ് ഓഫ് ഇൻഫ്രാസ്ട്രക്ചർ ഫെസിലിറ്റീസ്' രൂപീകരിക്കുന്നതാണ്.

34. നിക്ഷേപത്തിന്റെ കുതിച്ചുചാട്ടത്തിന് അടിത്തറയിട്ടുകൊണ്ട് വ്യവസായ മേഖലയിൽ നൂതനവും ഭാവനാപൂർണ്ണവുമായ ധാരാളം നടപടികൾ എന്റെ ഗവൺമെന്റ് എടുത്തിട്ടുണ്ട്. നിക്ഷേപകർക്ക് ആവശ്യമുള്ള ലൈസൻസുകളും, ക്ലിയറൻസുകളും സർട്ടിഫിക്കറ്റുകളും സമയബന്ധിതമായും തടസ്സരഹിതമായും നൽകുന്നതിന് അവസരമൊരുക്കിക്കൊണ്ട് ഏകജാലക ക്ലിയറൻസ് സംവിധാനം ആവിഷ്ക്കരിക്കുകയുണ്ടായി. വ്യവസായങ്ങൾക്കായി ഉയർന്ന ഗുണനിലവാരമുള്ള അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നതിന് എന്റെ ഗവൺമെന്റ്

LIBRARY ARCHIVES Kerala Legislative Assembly

പ്രത്യേക ഊന്നൽ നൽകിയിട്ടുണ്ട്. തിരുവനന്തപുരത്തെ അപ്പാരൽ പാർക്കും മലപ്പുറത്തെ ഫുഡ് പ്രോസസിംഗ് പാർക്കും എറണാകുളത്തെ റബ്ബർ പാർക്കും അരൂരിലെ മറൈൻ പാർക്കും തിരുവനന്തപുരത്തെ ഫിലിം വീഡിയോ പാർക്കും സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിലുള്ള ബഹുമുഖവ്യവസായ പാർക്കുകളും ഇപ്രകാരം സൃഷ്ടിച്ച സൗകര്യങ്ങളിൽ ഉൾപ്പെടുന്നു. കളമശ്ശേരിയിൽ 200 ഏക്കർ സ്ഥലത്ത് ബയോടെക്നോളജിക്കും വിവരസാങ്കേതിക വിദ്യക്കുംവേണ്ടി ഒരു പുതിയ ഹൈടെക് വിവരസാങ്കേതിക വിദ്യാ വ്യവസായത്തിനായി തിരുവനന്തപുരം ടെക്നോപാർക്കിൽ ഒരു ദശലക്ഷം ചതുരശ്ര അടി വിസ്തീർണ്ണം കൂടുതലായി നിർമ്മിക്കുന്നതാണ്. ഹൈടെക് വ്യവസായങ്ങൾക്കായി കെ.എസ്.ഐ.ഡി.സി.-യും കെ.എഫ്.സി.-യും 20 കോടി രൂപ മൂലധനത്തോടുകൂടി ഒരു 'വെഞ്ചർ കാപ്പിറ്റൽ' ഫണ്ട് ഉണ്ടാക്കുന്നതിന് ആവശ്യമായ നടപടികൾ കൈക്കൊണ്ടിട്ടുണ്ട്.

35. എന്റെ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം 3.3 ലക്ഷം ആളുകൾക്ക് നേരിട്ട് തൊഴിൽ നൽകുന്ന 90,293 പുതിയ എസ്.എസ്.ഐ. യൂണിറ്റുകൾ സംസ്ഥാനത്ത് സ്ഥാപിച്ചിട്ടുണ്ട്. പി.എം.ആർ.വൈ. പദ്ധതിയുടെ കീഴിൽ ഏകദേശം 70,000 ഗുണഭോക്താക്കൾക്ക് സ്വയം തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിന് സഹായം നൽകിയിട്ടുണ്ട്. ഈ പദ്ധതിയുടെ കീഴിൽ നടപ്പു വർഷത്തിൽ 23,000 ആളുകൾക്കുകൂടി സഹായം നൽകുന്നതാണ്. 1.93 ലക്ഷം ആളുകൾക്ക് തൊഴിൽ ലഭ്യമാക്കിക്കൊണ്ട് ഖാദിഗ്രാമവ്യവസായ ബോർഡിന്റെ കൺസോർഷ്യം ബാങ്ക് ക്രെഡിറ്റ് പദ്ധതികളിൻകീഴിൽ 45.04 കോടി രൂപ വിതരണം ചെയ്യാൻ എന്റെ ഗവൺമെന്റിന് കഴിഞ്ഞിട്ടുണ്ട്. വലുതും ഇടത്തരവും ആയ മേഖലകളിൽ ഗണ്യമായ നിക്ഷേപം ആകർഷിക്കുവാൻ എന്റെ ഗവൺമെന്റിന് കഴിഞ്ഞിട്ടുണ്ട്. കെ.എസ്.ഐ.ഡി.സി. സഹായം നൽകുന്ന പദ്ധതികൾ 15,000 ആളുകൾക്ക് തൊഴിലവസരങ്ങൾ സൃഷ്ടിച്ചിട്ടുണ്ട്.

36. ഉയർന്ന ഉൽപ്പാദനവും മെച്ചപ്പെട്ട വേതനനിരക്കും ഉളവാക്കത്തക്ക വിധം ഉല്പാദനക്ഷമത വർദ്ധിച്ചിപ്പിച്ചുകൊണ്ടും പുതിയ സാങ്കേതികവിദ്യ ആവിഷ്ക്കരിച്ചുകൊണ്ടും പരമ്പരാഗത മേഖലയ്ക്ക് പ്രത്യേക പരിഗണന എന്റെ ഗവൺമെന്റ് നൽകിയിട്ടുണ്ട്. കൈത്തറി മേഖലയിൽ 1993-94 മുതൽ റിബേറ്റിലും എം.ഡി.എ.ക്ലെയിമുകളിലും കുടിശ്ശികയായിരുന്ന ഏകദേശം 75 കോടി രൂപയിൽ ഭൂരിഭാഗവും കൊടുത്തുതീർത്തിട്ടുണ്ട്. 175 കോടി രൂപ കൈത്തറി മേഖലയിൽ ചെലവഴിക്കുകയും 15000 അധിക തൊഴിലവസരങ്ങൾ സൃഷ്ടിക്കുകയും ചെയ്തു. സംസ്ക്കരണവും വസ്ത്ര നിർമ്മാണവും ഉൾപ്പെടുത്തിക്കൊണ്ട് യന്ത്രത്തറിമേഖലയിൽ നിയന്ത്രിതവികസനം എന്റെ ഗവൺമെന്റ് ആസൂത്രണം ചെയ്തിട്ടുണ്ട് 80 ശതമാനം ആദിവാസി സ്ത്രീകളുൾപ്പെടുന്ന ഏകദേശം 1500 ആളുകൾക്ക് തൊഴിൽ ലഭ്യമാക്കിക്കൊണ്ട് ഒരു സംയോജിത യന്ത്രത്തറി-കൈത്തറി വസ്ത്രനിർമ്മാണ യൂണിറ്റ് വയനാട്ടിൽ സ്ഥാപിച്ചിട്ടുണ്ട്. സഹകരണമേഖലയിലും പൊതുമേഖലയിലുമുള്ള തുണിമില്ലുകൾക്കുവേണ്ടി എന്റെ ഗവൺമെന്റ് ഒരു നവീകരണ പരിപാടി നടപ്പിലാക്കിവരുന്നു. 25,000 അധിക തൊഴിലവസരങ്ങളും 40 ശതമാനം ഉല്പാദനവർദ്ധനവും

LIBRARY ARCHIVES Kerala Legislative Assembly

സാദ്ധ്യമാക്കിക്കൊണ്ട് 127 കോടി രൂപ കയർ മേഖലയ്ക്കുവേണ്ടി ചെലവഴിച്ചിട്ടുണ്ട്. കൂടാതെ, 16 കോടി രൂപ നൽകിക്കൊണ്ട് കയർത്തൊഴിലാളികൾക്ക് പെൻഷനും മറ്റ് ആനുകൂല്യങ്ങളും ലഭ്യമാക്കുകയുണ്ടായി. കേരള സംസ്ഥാന കശുവണ്ടി വികസന കോർപ്പറേഷനിലെ തൊഴിലാളികൾക്ക് ഒരു വർഷത്തിൽ 230 ദിവസം ജോലി നൽകാൻ കഴിഞ്ഞതിൽ എന്റെ ഗവൺമെന്റിന് അഭിമാനമുണ്ട്.

37. സംസ്ഥാനത്തിന്റെ സമ്പദ്ഘടനയുടെ വികസനത്തിന് പൊതുമേഖലാ വ്യവസായങ്ങളെ പുഷ്ടിപ്പെടുത്തേണ്ടത് മർമ്മപ്രധാനമാണെന്ന് എന്റെ ഗവൺമെന്റ് ദൃഢമായി വിശ്വസിക്കുന്നു. സാമ്പത്തിക പുനഃസംഘടന, മാനവശേഷിയുടെ യുക്തിയുക്തമായ ഉപയോഗം സാങ്കേതിക വിദ്യയുടെ നിലവാരം വർദ്ധിപ്പിക്കൽ എന്നിവ ഉൾപ്പെടെയുള്ള സമഗ്രമായ ദീർഘകാല പാക്കേജുകളെ സഹായിക്കുന്നതിനും പ്രവർത്തന മൂലധനത്തിന് ഹ്രസ്വകാല ഫണ്ടുകൾ നൽകുന്നതിനുമായി കേരള ഇൻഡസ്ട്രിയൽ റീവൈറ്റലൈസേഷൻ ഫണ്ട് രൂപീകരിച്ചിട്ടുണ്ട്. കഴിഞ്ഞ നാലു വർഷങ്ങളിൽ 35 പൊതുമേഖലാ സ്ഥാപനങ്ങൾക്ക് മൊത്തം 450 കോടി രൂപക്കുമേൽ സഹായം നൽകിയിട്ടുണ്ട്. കെൽട്രോൺ , ടി.സി.സി., ട്രാക്കോ കേബിൾസ്, കേരള ഓട്ടോമൊബൈൽസ്, സാലിസിലേറ്റ്സ് എന്നിവ ഉൾപ്പെടെ ധാരാളം സ്ഥാപനങ്ങൾ വിജയകരമായി പ്രവൃത്തിക്കുന്നതിനുള്ള വ്യക്തമായ ലക്ഷണങ്ങൾ കാണിച്ചിട്ടുണ്ട്. വിവരസാങ്കേതിക വിദ്യാരംഗത്ത് ഒരു പ്രധാന പങ്ക് വഹിക്കത്തക്കവിധം കെൽട്രോണിനെ വികസിപ്പിച്ചുകൊണ്ടിരിക്കുന്നു. 3 ലക്ഷം ടൺ മിനറൽ സെപ്പറേഷൻ പ്ലാന്റ് ഉൾപ്പെടെ ഏകദേശം 800 കോടി രൂപയുടെ വികസന പദ്ധതികൾ കെ.എം.എം.എൽ. നടപ്പിലാക്കുന്നതാണ്. തദ്ദേശീയരായ ജനങ്ങളുടെ ദീർഘകാല ആവശ്യം നിറവേറ്റിക്കൊണ്ട് ടി.ടി.പി. ഒരു മലിനീകരണ നിയന്ത്രണ പദ്ധതി നടപ്പിലാക്കുന്നതാണ്. കമ്പനി അതിന്റെ ഉൽപ്പാദനശേഷികൂടി വർദ്ധിപ്പിക്കുന്നതാണ്. ആലപ്പുഴയിലെ ഗ്രൈൻഡിംഗ് യൂണിറ്റിന്റെ പൂർത്തീകരണത്തോടെ മലബാർ സിമന്റ്സ് അതിന്റെ ശേഷി 30 ശതമാനം കണ്ട് വർദ്ധിപ്പിക്കും. ടി.സി.സി. യ്ക്ക് മുപ്പതിനായിരം ടണ്ണിന്റെ ഒരു സിന്തെറ്റിക് റൂട്ടൈൽപ്ലാന്റ് ആരംഭിക്കാനുള്ള പരിപാടിയുണ്ട്. കണ്ണൂർ ജില്ലയിലെ ബരാപ്പോളിൽ ഒരു ജലവൈദ്യുതപദ്ധതിയുടെ പണിയും ടി.സി.സി. ആരംഭിക്കുന്നതാണ്.

38. എന്റെ ഗവൺമെന്റിന്റെ മുഖ്യമായ ഒരു ലക്ഷ്യം സംസ്ഥാനത്തെ ഭവനരഹിതരായ മുഴുവൻ കുടുംബങ്ങൾക്കും മതിയായ പാർപ്പിടസൗകര്യം ലഭ്യമാക്കുക എന്നതാണ്. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നപ്പോൾ ഈ മേഖലയിലെ കുറവ് 9.15 ലക്ഷം യൂണിറ്റാണെന്ന് കണക്കാക്കപ്പെട്ടിരുന്നു. എന്റെ ഗവൺമെന്റ് അഞ്ചു ലക്ഷം പാർപ്പിട യൂണിറ്റുകൾ നിർമ്മിക്കുവാൻ ലക്ഷ്യമിടുകയും ലക്ഷ്യം കവിഞ്ഞ് 5.15 ലക്ഷം യൂണിറ്റുകൾ പൂർത്തിയാക്കുവാൻ കഴിയുകയും ചെയ്തു എന്നുള്ളത് സംതൃപ്തിനൽകുന്ന കാര്യമാണ്. എന്റെ ഗവൺമെന്റ് സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന വിഭാഗങ്ങൾക്ക് പ്രത്യേക ശ്രദ്ധ നൽകിവരുന്നുണ്ട്. ജില്ലാ പഞ്ചായത്തുകളുടെ മൈത്രി ഭവന പദ്ധതിയുടെ കീഴിലുണ്ടാക്കിയിട്ടുള്ള സംവിധാനം ഈ പ്രതിബദ്ധതയ്ക്ക്

LIBRARY ARCHIVES Kerala Legislative Assembly

മതിയായ തെളിവാണ്. പട്ടികജാതി- പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് ഭവന നിർമ്മാണത്തിന് 100 ശതമാനം ധനസഹായവും ഭൂമൈത്രി പദ്ധതിപ്രകാരം ഭൂരഹിതരായ പാവപ്പെട്ടവർക്ക് ഭവനനിർമ്മാണത്തിനായി സഹായവും നൽകി വരുന്നു. തെരഞ്ഞെടുക്കപ്പെട്ട പഞ്ചായത്തുകളിൽ ഭവന നിർമ്മാണ സാമഗ്രികളുടെ നിർമ്മാണത്തിനും വിപണനത്തിനുമായി സിസ് ഏജൻസി ഫോർ ഡെവലപ്പ്മെന്റ് ആന്റ് കോ-ഓപ്പറേഷന്റെ സഹായത്തോടെ ഒരു സംയോജിതപദ്ധതി നടപ്പിലാക്കിയിട്ടുള്ളതും ഇത് കൂടുതൽ പഞ്ചായത്തുകളിലേക്ക് വ്യാപിപ്പിക്കുന്നതുമാണ്.

39. സംസ്ഥാനത്തെ ക്രമസമാധാനനില കഴിഞ്ഞ അഞ്ചുവർഷത്തോളം കാലം പൊതുവെ ശാന്തമായിരുന്നു. തിരഞ്ഞെടുക്കപ്പെട്ട പോലീസ് സ്റ്റേഷനുകളിൽ "8 മണിക്കൂർ ഡ്യൂട്ടി" എന്ന പദ്ധതി ഈ വർഷം ഏർപ്പെടുത്തുവാൻ എന്റെ ഗവൺമെന്റിന് കഴിഞ്ഞിട്ടുണ്ട്. ജില്ലാ ആസ്ഥാനങ്ങളിൽ ക്രൈം സ്റ്റോപ്പർ പദ്ധതി നടപ്പിലാക്കുകയും അവ കാര്യക്ഷമമായി പ്രവർത്തിക്കുകയും ചെയ്തു വരുന്നു. പോലീസ് വകുപ്പിനെ ശക്തിപ്പെടുത്തുന്നതിനുവേണ്ടി വൈക്കത്തും മലപ്പുറത്തും ഹൈബാൻഡ് വി.എച്ച്.എഫ്. വാർത്താവിനിമയ ശൃംഖല ഏർപ്പെടുത്തിയതും കുടയത്തൂരിലെ റിപ്പീറ്റർ സ്റ്റേഷൻ പുഞ്ചിറയിലെ മലമുകളിലേക്ക് മാറ്റി സ്ഥാപിച്ചതും കോട്ടയത്തെ സിവിൽസ്റ്റേഷനിൽ ലിങ്ക് റിപ്പീറ്റർ കമ്മിഷൻ ചെയ്തതും കണ്ണൂർ ജില്ലയിൽ കൂടുതൽ റിപ്പീറ്റർ സ്റ്റേഷനുകൾ ഏർപ്പെടുത്തിയതും തിരുവനന്തപുരത്തെ സംസ്ഥാന സ്പെഷ്യൽ ബ്രാഞ്ചിനുമാത്രമായി പ്രത്യേക വി.എച്ച്.എഫ് വാർത്താവിനിമയ ശൃംഖല കമ്മിഷൻ ചെയ്തതും എന്റെ ഗവൺമെന്റ് സ്വീകരിച്ചുകഴിഞ്ഞ ചില നടപടികളാണ്. കേരള റൈഫിൾസ് I, II, III എന്ന പേരിലുള്ള പുതിയ സായുധ പോലീസ് ബറ്റാലിയനുകൾ സമയബന്ധിതമായി രൂപീകരിക്കുന്നതാണ്.

40. 2000-2001-ൽ എന്റെ ഗവൺമെന്റ് സംസ്ഥാനത്ത് 7 പുതിയ ഫയർ സ്റ്റേഷനുകൾ ആരംഭിക്കുകയുണ്ടായി. കോട്ടയത്തും പാലക്കാടും രണ്ട് പുതിയ ഫയർഫോഴ്സ് ഡിവിഷനുകൾ ആരംഭിക്കുന്നതാണ്. സംസ്ഥാനത്തെ പ്രധാന ജയിൽ സ്ഥാപനങ്ങൾ തടങ്കൽ പാളയങ്ങളായി തുടരുന്നതിനുപകരം സൻമാർഗീകരണ കേന്ദ്രങ്ങളായി രൂപാന്തരപ്പെടുത്തിയിട്ടുണ്ട്. തടവുകാരുടെ വേതനം വർദ്ധിപ്പിക്കുന്നതുൾപ്പെടെ അവരുടെ സൻമാർഗീകരണത്തിനും പുനരധിവാസത്തിനുമുള്ള വിവിധ പ്രവർത്തനങ്ങൾ ഏറ്റെടുത്തിട്ടുണ്ട്. തൊഴിൽ പരിശീലന അവസരങ്ങളും ചികിത്സാ സൗകര്യങ്ങളും തടവുകാർക്ക് ലഭ്യമാക്കുന്നതാണ്. കോഴിക്കോട് റീജിയണൽ കെമിക്കൽ എക്സാമിനേഴ്സ് ലബോറട്ടറിയിലും തിരുവനന്തപുരം കെമിക്കൽ എക്സാമിനേഴ്സ് ലബോറട്ടറിയിലും ഘട്ടം ഘട്ടമായി നാർക്കോട്ടിക് ഡിവിഷൻ ആരംഭിക്കുന്നതിന് എന്റെ ഗവൺമെന്റ് തീരുമാനിച്ചിട്ടുണ്ട്. സ്ത്രീകളുടെയും കുട്ടികളുടെയും ക്ഷേമത്തിനായുള്ള നിയമസഭാസമിതി ശുപാർശ ചെയ്ത പ്രകാരം നാല് ജില്ലാ കെമിക്കൽ എക്സാമിനേഴ്സ് ലബോറട്ടറികളും ആരംഭിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly

41. "അഴിമതി വിമുക്ത കേരളം" കെട്ടിപ്പടുക്കുക എന്ന എന്റെ ഗവൺമെന്റിന്റെ വർഷങ്ങളായുള്ള പ്രതിബദ്ധതയ്ക്ക് ശ്രദ്ധേയമായ ഫലങ്ങൾ ലഭിച്ചിട്ടുണ്ട്. സംസ്ഥാനത്ത് ലോകായുക്ത സ്ഥാപിച്ചത് ഈ ദിശയിലുള്ള ഒരു പ്രധാന നടപടിയാണ്. സംസ്ഥാനത്തെ അഴിമതിക്കെതിരായി വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ ആരംഭിച്ചിട്ടുള്ള പ്രവർത്തനങ്ങൾക്ക് എന്റെ ഗവൺമെന്റ് പൂർണ്ണ പിൻതുണ നൽകിയിട്ടുണ്ട്. ഈയിടെയുണ്ടായ മദ്യദുരന്തത്തിന്റെയും അതിന്റെ സങ്കീർണ്ണമായ അനന്തര ഫലങ്ങളുടെയും പശ്ചാത്തലത്തിൽ, അഴിമതിക്കാരായ ഉദ്യോഗസ്ഥരുടെ വരവിൽ കവിഞ്ഞ സ്വത്ത് സംബന്ധിച്ച വിവരം ശേഖരിക്കുന്നതിൽ പ്രത്യേക ശ്രദ്ധവേണമെന്ന് ബ്യൂറോയിലെ ഉദ്യോഗസ്ഥൻമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. അഴിമതിക്കാർക്കെതിരെ നിർദ്ദാക്ഷിണ്യമായ നടപടികളിലൂടെ സംസ്ഥാനത്ത് അഴിമതിയുടെ വ്യാപനം ഫലപ്രദമായി തടയുന്നതിന് എന്റെ ഗവൺമെന്റിന് കഴിഞ്ഞിട്ടുണ്ട്.

42. സാമ്പത്തിക വികസനം അഭിവൃദ്ധിപ്പെടുത്തുന്നതിനാൽ നാം നേരിടേണ്ടുന്ന പ്രധാനപ്പെട്ട ഒരു വെല്ലുവിളി സംസ്ഥാന റോഡ് ശൃംഖലയുടെ ശേഷിയും കാര്യക്ഷമതയും വർദ്ധിപ്പിക്കുക എന്നതാണ്. ഇത് മനസ്സിലാക്കി കൊണ്ട്, എന്റെ ഗവൺമെന്റ് സാധാരണ ബഡ്ജറ്റ് വിഹിതത്തിനുപരിയായി വലിയ തോതിൽ ഫണ്ട് നേടിയെടുക്കാനുള്ള സാദ്ധ്യതകൾ തേടിക്കൊണ്ടിരിക്കുകയാണ്. 1800 കിലോമീറ്റർ റോഡ് വികസന പരിപാടിക്ക് പണം നൽകാമെന്ന് ലോകബാങ്ക് സമ്മതിച്ചിട്ടുണ്ട്. റോഡ് പുനരുദ്ധാരണത്തിന്റെ വ്യാപ്തി വർദ്ധിപ്പിക്കുന്നതിലേക്കായി ഏഷ്യൻ ഡെവലപ്പ്മെന്റ് ബാങ്കിന്റെ ഫണ്ട് ഉപയോഗപ്പെടുത്തുവാനും നമുക്ക് കഴിയുന്നതാണ്. സ്ഥാപനങ്ങളിൽ നിന്നുള്ള ധനസഹായം ഉപയോഗപ്പെടുത്തിയും പൊതു വിപണിയിൽ നിന്ന് കടമെടുത്തും റോഡ്സ് ആന്റ് ബ്രിഡ്ജസ് ഡെവലപ്പ്മെന്റ് കോർപ്പറേഷൻ ഇരുപത് റെയിൽവേ ഓവർബ്രിഡ്ജുകളുടെ പണി ആരംഭിച്ചിട്ടുണ്ട്. റോഡ് മേഖലയിൽ നിക്ഷേപങ്ങൾ ആകർഷിക്കുന്നതിന് വേണ്ടിയുള്ള തീവ്ര ശ്രമങ്ങളുടെ ഫലമായി എന്റെ ഗവൺമെന്റ് മലേഷ്യൻ സർക്കാരുമായി ഫലപ്രദമായ ചർച്ചകൾ നടത്തിയിട്ടുള്ളതും തെരഞ്ഞെടുക്കപ്പെട്ട റോഡ് പദ്ധതികൾക്ക് വേണ്ടി അവരുമായി ഏതാനും കരാറുകളിൽ താമസിയാതെ ഏർപ്പെടുന്നതുമാണ്. ഈ പദ്ധതികളിൽ ശബരിമലയിലേക്കുള്ള റോഡിന്റെ പുനരുദ്ധാരണം, കൊല്ലത്തും ആലപ്പുഴയിലും ബൈപാസ്സുകളുടെ നിർമ്മാണം, കുമരകത്തെയും കോട്ടയത്തെയും ബന്ധിപ്പിച്ചുകൊണ്ടുള്ള പുതിയ റോഡിന്റെ നിർമ്മാണം എന്നിവ ഉൾപ്പെടുന്നതാണ്. സംസ്ഥാനത്തെ റോഡ് മേഖലയിൽ ചെലവഴിക്കപ്പെട്ടുകൊണ്ടിരിക്കുന്ന ഭാരിച്ച മൂലധനം റോഡുമായി ബന്ധപ്പെട്ട റവന്യൂ വരുമാനം ഉയർത്തുന്നതിനുള്ള ശ്രമങ്ങളുമായി പൊരുത്തപ്പെടുത്തേണ്ട ആവശ്യമുള്ളതുകൊണ്ട് എന്റെ ഗവൺമെന്റ് ഒരു റോഡ് ഫണ്ട് ഉണ്ടാക്കുന്നതിനുള്ള നിയമ നിർമ്മാണത്തിന് രൂപം നൽകിയിട്ടുണ്ട്.

43. സംസ്ഥാനത്തെ ജലസേചന ശേഷി ഉയർത്തുന്നതിനും ജലസ്രോതസ്സുകളുടെ പരിരക്ഷയ്ക്കും വേണ്ടി എന്റെ ഗവൺമെന്റ് പ്രത്യേക ഊന്നൽ നൽകുന്നു. മണ്ണാലിപ്പിൽ നിന്ന് കടലോരത്തെ സംരക്ഷിക്കുന്നതിനായി

LIBRARY ARCHIVES Kerala Legislative Assembly

പ്രത്യേക സഹായത്തിനുള്ള സംസ്ഥാന സർക്കാരിന്റെ നിർദ്ദേശം 11-ാം ധനകാര്യ കമ്മീഷൻ അനുകൂലമായി പരിഗണിച്ചിട്ടുണ്ട്. വെള്ളത്തിന്റെ കാര്യക്ഷമമായ ഉപയോഗം പ്രോൽസാഹിപ്പിക്കുന്നതിനുള്ള ശ്രമങ്ങളുടെ ഭാഗമായി, തെരെഞ്ഞടുക്കപ്പെട്ട പഞ്ചായത്തുകളിൽ പ്രത്യേക മഴവെള്ള സംഭരണ പദ്ധതികൾക്ക് സർക്കാർ രൂപം നൽകിയിട്ടുണ്ട്. മൊത്തം 400 കോടി രൂപ ചെലവിൽ മലപ്പുറം, തൃശ്ശൂർ, കോഴിക്കോട്, പാലക്കാട് എന്നീ ജില്ലകളിൽ ലോക ബാങ്ക് സഹായത്തോടെ ഒരു വികേന്ദ്രീകൃത ജലവിതരണ പദ്ധതി നടപ്പാക്കിവരുന്നു. ഈ പദ്ധതിയുടെ കീഴിലുള്ള സ്കീമുകളുടെ ഉടമസ്ഥതയും പ്രവർത്തനവും സ്ത്രീകളുടെ നേതൃത്വത്തിലുള്ള കമ്മ്യൂണിറ്റി ഗ്രൂപ്പുകൾക്കായിരിക്കും. പ്രതീക്ഷാ നിർഭരമായ പാവറട്ടി ജലവിതരണപദ്ധതി പൂർത്തീകരിക്കുകയും ഗുരുവായൂർ ടൗണിന് വേണ്ടി ഒരു പ്രത്യേക ശുചീകരണ പദ്ധതി ആരംഭിക്കുകയുമുണ്ടായി. ഹഡ്കോയുടെ സഹായത്തോടെ തിരുവനന്തപുരം നഗരത്തിലെ സ്വീവറേജ് സംവിധാനം വിപുലീകരിക്കുവാനുള്ള ഒരു പദ്ധതി ആവിഷ്കരിക്കുന്നതാണ്. ശബരിമല തീർത്ഥാടകരുടെ ബുദ്ധിമുട്ടുകൾ ലഘൂകരിക്കുന്നതിലേക്കായി പമ്പ, ആനവട്ടം, ചാലക്കയം എന്നീ പ്രദേശങ്ങൾക്കുവേണ്ടി ഒരു പുതിയ ജലവിതരണപദ്ധതിക്ക് രൂപം കൊടുത്തുകൊണ്ടിരിക്കുകയാണ്.

44. ആരോഗ്യമേഖലയിലുള്ള പ്രവർത്തനങ്ങൾ നവീകരിക്കപ്പെട്ടിട്ടുണ്ട്. കാസർഗോഡ്, വയനാട്, ഇടുക്കി, പത്തനംതിട്ട എന്നീ ജില്ലാ ആശുപത്രികളിൽ ഫിസിക്കൽ മെഡിസിൻ ആന്റ് റീഹാബിലിറ്റേഷൻ യൂണിറ്റുകൾ ആരംഭിച്ചിട്ടുണ്ട്. മഞ്ചേരിയിലേയും തൃശ്ശൂരിലേയും ജില്ലാ ആശുപത്രികളിൽ പുതിയ ലിംബ് ഫിറ്റിംഗ് സെന്ററുകൾ സജ്ജീകരിച്ചിട്ടുണ്ട്. കാസർഗോഡും ഇടുക്കിയിലും വയനാട്ടിലും പുതിയ നെഴ്സിംഗ് സ്കൂളുകൾ ആരംഭിക്കുന്നതാണ്. മൂന്നു ജില്ലാ പബ്ലിക് ഹെൽത്ത് ലബോട്ടറികളെ റീജിയണൽ ലബോറട്ടറികളായി ഉയർത്തുന്നതും 20 പ്രാഥമിക ആരോഗ്യകേന്ദ്രങ്ങളെ കമ്മ്യൂണി ഹെൽത്ത് സെന്ററുകളായി ഉയർത്തുന്നതുമാണ്. മലബാർ മേഖലയിൽ അർബുദ ചികിത്സാ സൗകര്യങ്ങൾ ശക്തമാക്കുന്നതിനു വേണ്ടി കോഴിക്കോട് മെഡിക്കൽ കോളേജിൽ കൂടുതലായി ഒരു ടെലി കോബാൾട്ട് തെറാപ്പി യൂണിറ്റും ഒരു മാമോഗ്രാഫി യൂണിറ്റും ആരംഭിക്കുന്നതും തിരുവനന്തപുരം റീജിയണൽ കാൻസർ സെന്ററിൽ ഒരു പുതിയ കോബാൾട്ട് തെറാപ്പി യൂണിറ്റും, ലീനിയർ ആക്സിലേറ്ററും ലഭ്യമാക്കുന്നതാണ്. തിരുവനന്തപുരം മെഡിക്കൽ കോളേജിൽ സംസ്ഥാനത്തെ ആദ്യത്തെ വയോജന പരിപാലന കേന്ദ്രം പ്രവർത്തനം ആരംഭിക്കുന്നതാണ്. സംസ്ഥാനത്തെ ഗ്രാമപ്രദേശങ്ങളിൽ 50 പുതിയ ഹോമിയോ ഡിസ്പെൻസറികളും 25 പുതിയ ആയുർവേദ ഡിസ്പെൻസറികളും എന്റെ ഗവൺമെന്റ് ആരംഭിക്കുന്നതാണ്. തലശ്ശേരിയിൽ 100 കോടി രൂപയുടെ കനേഡിയൻ സഹായത്തോടുകൂടി ഒരു അർബുദചികിൽസാ ഗവേഷണ കേന്ദ്രം തുടങ്ങിയിട്ടുണ്ട്.

45. കേരളത്തിലെ വനങ്ങൾ സമൃദ്ധവും, സമ്പന്നവും അപൂർവവും പ്രാദേശികമായ സവിശേഷതകളോടു കൂടിയതും അതിവിശിഷ്ടവുമായ സസ്യ-ജന്തുജാലകങ്ങളാൽ വൈവിദ്ധ്യമാർന്നവയുമാണ്. ലോകത്തിലെ 18

LIBRARY ARCHIVES Kerala Legislative Assembly

സുപ്രധാന മേഖലകളിൽ ഒന്നാണ് സംസ്ഥാനത്തുകൂടെ കടന്നു പോകുന്ന പശ്ചിമഘട്ടം, കീഴ്ത്തട്ടിൽ നിന്നും ആരംഭിക്കുന്ന ആസൂത്രണ പ്രക്രിയയുടെ വികസന മാതൃകയാണ് വനമേഖലയിലെ പുതിയ കാഴ്ചപ്പാട് ആവശ്യപ്പെടുന്നത്. വനത്തെ ആശ്രയിച്ചു ജീവിക്കുന്ന ആദിവാസികൾക്കും ഗ്രാമീണ സമൂഹത്തിനും ഭാവി തലമുറകൾക്കും വേണ്ടി സംസ്ഥാനത്തെ വനങ്ങൾ സംരക്ഷിക്കുന്നതിനുള്ള ദൃഢനിശ്ചയം എന്റെ ഗവൺമെന്റ് പ്രദർശിപ്പിച്ചു പോരുന്നു. ലോകബാങ്കിന്റെ സഹായത്തോടെയുള്ള 182.39 കോടി രൂപ ചെലവ് വരുന്ന വനമേഖലയുടെ സമഗ്രമായ വികസനത്തെ ലക്ഷ്യമാക്കിയുള്ള പദ്ധതി നടപ്പിലാക്കി കൊണ്ടിരിക്കുകയാണ്. ഏരിയാ "ഓറിയെന്റഡ് ഫ്യൂവൽ ആന്റ് ഫോഡർ ഡെവലപ്പ്മെന്റ് പ്രോഗ്രാം"; "മോഡേൺ ഫോറസ്റ്റ് ഫയർ കൺട്രോൾ മെത്തേഡ് സ് ", 'ഡെവലപ്പ്മെന്റ് ഓഫ് നോൺ ടിംബർ ഫോറസ്റ്റ് പ്രോഡക്ട്സ് ഇൻഡ്യാ ഇക്കോ ഡെവലപ്പ്മെന്റ് പ്രോഗ്രാം' എന്നിങ്ങനെയുള്ള പദ്ധതികൾ ഇൻഡ്യാ ഗവൺമെന്റിന്റെ ധനസഹായത്തോടുകൂടി നടപ്പിലാക്കി വരികയാണ്. വനവൽക്കരണ പരിപാടികൾ ഏറ്റെടുത്ത് നടത്തുന്നതിന് "എൻഹാൻസ്ഡ് കോൺട്രിബ്യൂഷൻ ഓഫ് ഫോറസ്റ്റ് ടു കമ്മ്യൂണിറ്റി വെൽഫയർ പ്രോഗ്രാ"മിന്റെ കീഴിൽ പ്രാദേശിക ഗ്രാമപഞ്ചായത്തുകൾക്ക് ധനസഹായവും മാർഗ്ഗദർശനവും നൽകി വരുന്നു. "ഹരിത കേരളം" എന്ന പേരിലുള്ള ബൃഹത്തായ മരം നട്ടുപിടിപ്പിക്കൽ പദ്ധതി സംസ്ഥാനത്തെ 140 നിയമസഭാ നിയോജക മണ്ഡലങ്ങളിൽ നടപ്പാക്കി വരുന്നു. 9500 ഹെക്ടർ വനഭൂമി ഗവൺമെന്റ് ഏറ്റെടുത്തിട്ടുണ്ട്.

46. സംസ്ഥാനത്തെ എല്ലാ കുടുംബങ്ങൾക്കും റവന്യൂ കാർഡുകൾ വിതരണം ചെയ്യാൻ എന്റെ ഗവൺമെന്റ് തീരുമാനിച്ചിട്ടുണ്ട്. ഈ ബൃഹത്ത് പദ്ധതി നടപ്പുവർഷം തന്നെ പൂർത്തീകരിക്കപ്പെടുമെന്ന് പ്രതീക്ഷിക്കുന്നു. സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ ഈയിടെയുണ്ടായ ഭൂചലനത്തിന്റെ പശ്ചാത്തലത്തിൽ ദുരിതാശ്വാസ രക്ഷാപ്രവർത്തനങ്ങളിൽ ഏർപ്പെട്ടിരിക്കുന്ന വിവിധ ഗവേഷണ സ്ഥാപനങ്ങളേയും ഗവൺമെന്റ് ഏജൻസികളേയും, അത്തരം അവസരങ്ങളിൽ ഫലപ്രദമായും വേഗത്തിലും പ്രതികരിക്കത്തക്ക രീതിയിൽ ഒരു കുടക്കീഴിൽ ഗവൺമെന്റ് കൊണ്ടുവരുന്നതാണ്. മൈനിംഗും ജിയോളജിയും വകുപ്പ് ഭൂകമ്പത്തേയും അതിന്റെ പ്രത്യാഘാതങ്ങളേയും കുറിച്ച് വിശദമായ പഠനം നടത്തുന്നതാണ്. ചെറുതും നാമമാത്രവുമായ ഭൂവുടമകൾക്കും ഭൂരഹിത കർഷക തൊഴിലാളികൾക്കും വേണ്ടി 2,32,964 പട്ടയങ്ങൾ നൽകാൻ എന്റെ ഗവൺമെന്റിന് കഴിഞ്ഞിട്ടുണ്ട്. അടുത്ത മൂന്ന് മാസങ്ങൾക്കകം എല്ലാ ഭൂരഹിത കുടുംബങ്ങൾക്കും അവരുടെ കൈവശത്തിലുള്ള ഭൂമിയുടെ തരം അനുസരിച്ച് ഭൂമി നൽകുകയും പട്ടയമോ കൈവശാവകാശ രേഖകളോ നൽകുകയും ചെയ്യുന്നതിനാണ് ശ്രമിക്കുന്നത്. ഭൂരഹിത ആദിവാസികൾക്കും ഭൂമി നഷ്ടപ്പെട്ടവർക്കും ഭൂമി പതിച്ചു നൽകുന്നതിനുള്ള നടപടിയെടുത്തുകഴിഞ്ഞു. 1-1-1997-ന് മുമ്പ് വനഭൂമി കൈവശമുണ്ടായിരുന്ന കുടിയേറ്റക്കാർക്ക് പട്ടയം കൊടുത്തുതുടങ്ങിയിട്ടുണ്ട്. കേരള ഭൂപരിഷ്ക്കരണ നിയമത്തിലെ 109-ാം വകുപ്പ് പ്രകാരമുള്ള കുടികിടപ്പുകാരുടെ ബെനിഫിറ്റ് ഫണ്ട് രൂപീകരിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

അടുത്തകാലത്തായി ഈ നിധിയുടെ മൊത്ത തുക പാവപ്പെട്ട കുടികിടപ്പുകാർക്ക് കൂടുതൽ സാമ്പത്തിക സഹായവും ഇൻഷ്വറൻസ് പരിരക്ഷയും ഉറപ്പുവരുത്തുന്നതിന് വേണ്ടി ഒരു കോടിയിൽ നിന്നും അഞ്ച് കോടിയായി ഉയർത്തിയിട്ടുണ്ട്. സമയബന്ധിതമായി റീസർവ്വേ ജോലികൾ പൂർത്തിയാക്കുന്നതിനുവേണ്ടി ലാന്റ് സർവ്വേവകുപ്പിന് എന്റെ ഗവൺമെന്റ് കമ്പ്യൂട്ടറുകളും ഇലക്ട്രോണിക് ഉപകരണങ്ങളും നൽകുന്നതാണ്.

47. പ്രവാസി സുരക്ഷാ പദ്ധതിയും കുടുംബാരോഗ്യപദ്ധതിയും വഴി ലക്ഷക്കണക്കിന് മറുനാടൻ മലയാളികൾക്ക് സാമൂഹിക പരിരക്ഷ എന്റെ ഗവൺമെന്റ് നൽകിയിട്ടുണ്ട്. ഈ പദ്ധതികൾക്ക് കിട്ടിയിട്ടുള്ള വമ്പിച്ച പ്രതികരണം, വിദേശത്ത് ജോലി ചെയ്യുന്ന മറുനാടൻ മലയാളി വനിതകൾക്കു വേണ്ടി 'പ്രവാസി വനിതാ സുരക്ഷാ പദ്ധതി' തുടങ്ങാൻ പ്രേരകമായിട്ടുണ്ട്. കേരളത്തിൽ അടിസ്ഥാന സൗകര്യങ്ങൾ പടുത്തുയർത്തുന്നതിന് വിദേശത്ത് ജോലി ചെയ്യുന്നവർക്ക് നിർണ്ണായകവും സുപ്രധാനവുമായ പങ്ക് വഹിക്കാൻ കഴിയും. ആയതിനാൽ ഗവൺമെന്റ് വിജയകരമായ വാണിജ്യപദ്ധതികൾക്ക് രൂപം നൽകുന്നതിനായി ഒരു 'ഇൻഫ്രാസ്ട്രക്ചർ ഇൻഷിയേറ്റീവ് ഫണ്ട്' രൂപീകരിച്ചിട്ടുണ്ട്. ഈ പദ്ധതികൾക്ക് പ്രവാസി മലയാളികളുടെ നിക്ഷേപം നല്ല രീതിയിൽ ഉപയോഗപ്പെടുത്തുന്നതിന് കഴിയുന്നതാണ്. വളരെ അടിയന്തിര ഘട്ടങ്ങളിൽ സ്വദേശത്തേയ്ക്ക് തിരിച്ചെത്തിക്കുന്നതിന് സാമ്പത്തിക സഹായം നൽകുന്നതിനായി ഒരു 'എമർജൻസി റിപ്പാട്രിയേഷൻ ഫണ്ട്' രൂപീകരിച്ചിട്ടുണ്ട്. ഗൾഫ് രാജ്യങ്ങളിലെ തൊഴിൽ രംഗത്ത് ഉണ്ടായിക്കൊണ്ടിരിക്കുന്ന മാറ്റങ്ങൾ കണക്കിലെടുത്ത് ഭാവി കുടിയേറ്റ തൊഴിലാളികളുടെ വൈദഗ്ദ്ധ്യം വർദ്ധിപ്പിക്കുന്നതിനുള്ള ആവശ്യകതയെക്കുറിച്ച് ഒരു പഠനവും ഏറ്റെടുത്തിട്ടുണ്ട്. പ്രവാസി മലയാളികൾക്കായി ഒരു പെൻഷൻ പദ്ധതിയും ആലോചനയിലുണ്ട്.

48. റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസുകളിൽ പൊതുജനങ്ങൾക്ക് കാര്യക്ഷമവും സുതാര്യവുമായ സേവനം ലഭ്യമാക്കുന്നതും എന്റെ ഗവൺമെന്റ് ഉറപ്പുവരുത്തിയിട്ടുണ്ട്. റോഡ് അപകടത്തിൽപ്പെടുന്നവർക്ക് ഉടനടി ആശ്വാസം നൽകുന്നതിനുവേണ്ടി ഒരു റോഡ് സുരക്ഷാ നിധി രൂപീകരിക്കുന്നതാണ്. നികുതി വരുമാനം വർദ്ധിപ്പിക്കുന്നതിന് സംസ്ഥാനാതിർത്തികളിലുള്ള തിരഞ്ഞെടുക്കപ്പെട്ട ചെക്ക് പോസ്റ്റുകളിൽ വെയ് ബ്രിഡ്ജുകൾ സജ്ജീകരിക്കുന്നതാണ്. തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നീ ജില്ലകളിൽ ഗ്രാമീണ റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസുകൾ ആരംഭിക്കുന്നതാണ്. കെ.എസ്.ആർ.ടി.സി. യുടെ പ്രതിദിനം സർവ്വീസ് നടത്തുന്ന ദൂരവും അതിന്റെ പ്രതിദിന വരുമാനവും

LIBRARY ARCHIVES Kerala Legislative Assembly

നടപ്പുവർഷം യഥാക്രമം 10.4% വും 18% വുമായി വർദ്ധിച്ചിട്ടുണ്ട്. കഴിഞ്ഞ നാല് വർഷത്തിൽ കെ.എസ്.ആർ.ടി.സി. പൊതുജനങ്ങളുടെ യാത്രാസൗകര്യം മെച്ചപ്പെടുത്തുന്നതിനായി കൂടുതലായി 1912 ബസ്സുകൾ റോഡിലിറക്കിയിട്ടുള്ളതും താമസിയാതെ 500 പുതിയ ബസ്സുകൾ കൂടി ഇറക്കുന്നതുമാണ്. വാഹനങ്ങൾ വാങ്ങുന്നതിനുവേണ്ടി പൊതുജനങ്ങൾക്കും സർക്കാർ സ്ഥാപനങ്ങൾക്കും പൊതുമേഖലാ സ്ഥാപനങ്ങൾക്കും കേരള ട്രാൻസ്പോർട്ട് വികസന ഫിനാൻസ് കോർപ്പറേഷൻ 10 കോടി രൂപ വായ്പ അനുവദിക്കുന്നതാണ്.

49. ഉൾനാടൻ ജലമാർഗ്ഗങ്ങൾ വികസിപ്പിക്കുന്നതിന് എന്റെ ഗവൺമെന്റ് 30 കോടി രൂപ ചെലവാക്കിയിട്ടുണ്ട്. കോവളം മുതൽ കൊല്ലം വരെയുള്ള ടി.എ സ്. കനാലിന്റെ വികസന ജോലി ഉടൻതന്നെ തുടങ്ങുന്നതാണ്. ആലപ്പുഴയിലെ ജലമാർഗ്ഗ ശൃംഖലയുടെ നവീകരണത്തിനും വികസനത്തിനുമായി ഒരു പദ്ധതി തയ്യാറാക്കിയിട്ടുള്ളതും അത് അടുത്ത വർഷം നടപ്പിലാക്കുന്നതുമാണ്.

50. സമയോചിതമായ ഇടപെടലും വ്യവസായതർക്കപരിഹാരവും ഉറപ്പ് വരുത്തിയതിലൂടെ വ്യവസായ മേഖലയിൽ സമാധാനം നിലനിർത്താൻ എന്റെ ഗവൺമെന്റിന് കഴിഞ്ഞിട്ടുണ്ട്. തൊഴിലാളി വർഗ്ഗത്തിന്റെ വികസനത്തിനും ക്ഷേമത്തിനുംവേണ്ടി 'ലേബർ അജണ്ടായിൻ കീഴിൽ വരുന്ന വിവിധ കർമ്മ പരിപാടികൾ "തൊഴിലാളി വർഷം 2000"-ത്തിൽ നടപ്പാക്കിയിട്ടുണ്ട്. 'ബാലവേല വിമുക്ത കേരളം' എന്ന സുപ്രധാന പദ്ധതി സമാരംഭിക്കുകയും 'കേരള സംസ്ഥാന ലേബർ അതോറിറ്റി' രൂപീകരിക്കുകയും ചെയ്തിട്ടുണ്ട്. തൊഴിലാളികളുടെ കുട്ടികൾക്ക് മെച്ചപ്പെട്ട വിദ്യാഭ്യാസം ലഭ്യമാക്കുന്നതിന് ഒരു ലേബർ അക്കാഡമിയും ലേബർ ആന്റ് മാനേജ്മെന്റ് ഇൻസ്റ്റിറ്റ്യൂട്ടും നടപ്പ് വർഷത്തിൽ ആരംഭിച്ചിട്ടുണ്ട്. അസംഘടിത മേഖലയിലെ തൊഴിലാളികളുടെ ക്ഷേമത്തിനു വേണ്ടി ഒരു സൗജന്യ ഗ്രൂപ്പ് ഇൻഷ്വറൻസ് പദ്ധതി നടപ്പാക്കിയിട്ടുണ്ട്. നാഷണൽ ലേബർ കോൺഫ്രൻസിന്റെ മാതൃകയിൽ കേരളത്തിൽ ആദ്യമായി സ്റ്റേറ്റ് തൊഴിൽ കോൺഫ്രൻസും സംഘടിപ്പിക്കുകയുണ്ടായി. തൊഴിലാളികളുടെ സങ്കടങ്ങൾ തൽസമയം പരിഹരിക്കുന്നതിനും തൊഴിലാളികളുടെ വിവിധ ആനുകൂല്യങ്ങൾ യഥാസമയം വിതരണം ചെയ്യുന്നതിനും കെട്ടിക്കിടക്കുന്ന കേസുകൾ വേഗം തീർപ്പാക്കുന്നതിനും 'പരിഹാര വേദികൾ ' എന്ന പേരിൽ ജില്ലാതല ക്യാമ്പുകൾ സംഘടിപ്പിക്കുകയുണ്ടായി.

51. മുൻവർഷങ്ങളെ അപേക്ഷിച്ച് വ്യാവസായിക അപകടങ്ങൾ കുറയ്ക്കുവാനും തൊഴിലാളികളുടെ തൊഴിൽ സ്ഥലത്തെ സുരക്ഷിതത്വം ഉറപ്പ് വരുത്തുവാനും സാധിച്ചിട്ടുണ്ട്. രജിസ്റ്റർ ചെയ്തിട്ടുള്ള തൊഴിൽരഹിതർക്ക് വേണ്ടി

LIBRARY ARCHIVES Kerala Legislative Assembly

'കേരള സെൽഫ് എംപ്ലോയ്മെന്റ് സ്കീം ഫോർ രജിസ്ട്രേഡ് അൺ എംപ്ലോയിഡ് (കെസ്റു-99)' എന്ന പേരിൽ ഒരു പുതിയ പദ്ധതി അനുവദിച്ചിട്ടുണ്ട്. ഇ.എസ്.ഐ. പദ്ധതി ശക്തിപ്പെടുത്തുന്നതിന് ഫലപ്രദമായ പല നടപടികളും എന്റെ ഗവൺമെന്റ് എടുത്തിട്ടുണ്ട്. ഔഷധ സസ്യങ്ങൾ കൃഷി ചെയ്യുന്നതിനുവേണ്ടി റിഹാബിലിറ്റേഷൻ പ്ലാന്റേഷൻ ലിമിറ്റഡ് ഒരു 'സഞ്ജീവനി കേന്ദ്രം' തുടങ്ങുന്നതാണ്.

52. സാംസ്കാരിക വകുപ്പിന്റെ കീഴിലുള്ള വിവിധ സ്ഥാപനങ്ങളിലെ തൊഴിലാളികൾക്കുവേണ്ടി എന്റെ ഗവൺമെന്റ് പെൻഷൻ പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്. 'മാനവീയം വൈലോപ്പിള്ളി സംസ്കൃതി ഭവൻ' എന്ന പേരിൽ ഒരു വിവിധോദ്ദേശ സാംസ്ക്കാരിക സമുച്ചയം ഉദ്ഘാടനം ചെയ്തിട്ടുണ്ട്. 'കഥകളി'ക്കുവേണ്ടി ധാരാളം സംഭാവനകൾ നൽകിയ ആചാര്യൻമാരെ ആദരിക്കുവാൻ 'കേരള സംസ്ഥാന കഥകളി പുരസ്കാരം' എന്ന പേരിൽ ഒരു അവാർഡ് ഗവൺമെന്റ് ഏർപ്പെടുത്തിയിട്ടുണ്ട്. ചെമ്പഴന്തിയിൽ 'ഇന്റർ നാഷണൽ ശ്രീനാരായണ സെന്റർ ഫോർ നോളജ് ആന്റ് പിൽഗ്രിമേജ്' സ്ഥാപിക്കാനുള്ള ഭരണാനുമതി നൽകിയിട്ടുണ്ട്.

53. കടലിൽ കൂടുതൽ ഫലപ്രദമായ തിരച്ചിലും രക്ഷാപ്രവർത്തനങ്ങളും ഉറപ്പാക്കുന്നതിനുവേണ്ടി ത്വരിതഗതിയിലുള്ള വാർത്താവിനിമയത്തിനും വിവരങ്ങൾ എല്ലായിടത്തും വേഗത്തിൽ എത്തിക്കുന്നതിനും തിരുവനന്തപുരം മുതൽ എറണാകുളം വരെയുള്ള തീരപ്രദേശത്ത് ഒരു വയർലെസ് വാർത്താവിനിമയ സംവിധാനം എന്റെ ഗവൺമെന്റ് സ്ഥാപിച്ചിട്ടുണ്ട്. സംസ്ഥാനത്തെ മറ്റ് തീരദേശ ജില്ലകളിലേക്കും ഈ സംവിധാനം വ്യാപിപ്പിക്കുന്നതാണ്. മൽസ്യകൃഷി പദ്ധതികൾ ഏറ്റെടുക്കുന്നതിന് തദ്ദേശ സ്ഥാപനങ്ങളെ സജ്ജമാക്കുന്നതിനുവേണ്ടി പദ്ധതികളുടെ ഒരു പാക്കേജ് നടപ്പിലാക്കുന്നതാണ്. 10,000 ഹെക്ടർ പ്രദേശംകൂടി ജനകീയ മൽസ്യകൃഷി പരിപാടിയിൻ കീഴിൽ കൊണ്ടു വരുന്നതാണ്. സ്വാശ്രയസംഘങ്ങൾക്കുകീഴിൽ മൽസ്യത്തൊഴിലാളികളെ സംഘടിപ്പിക്കുകയും പ്രോൽസാഹിപ്പിക്കുകയും മൽസ്യത്തൊഴിലാളികളായ സ്ത്രീകൾക്കുവേണ്ടി വൻതോതിലുള്ള സ്വയം തൊഴിൽ പരിപാടികൾ നടപ്പാക്കുകയും ചെയ്യുന്നതാണ്. കടൽ മൽസ്യത്തൊഴിലാളികളുടെ പ്രയോജനത്തിനായി ആവിഷ്ക്കരിച്ച "സമ്പാദ്യ-ആശ്വാസ" പദ്ധതി ഉൾനാടൻ മേഖലയിലേയ്ക്കും വ്യാപിപ്പിക്കുന്നതാണ്. ഭവനനിർമ്മാണ പദ്ധതിയിൻ കീഴിലുള്ള സഹായം വീടൊന്നിന് ഇപ്പോഴുള്ള 35,000 രൂപ എന്ന നിരക്കിൽ നിന്നും 40,000 രൂപയായി വർദ്ധിപ്പിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly

54. അഴീക്കൽ, കോഴിക്കോട്, ആലപ്പുഴ എന്നീ തുറമുഖങ്ങളുടെ അടിസ്ഥാന സൗകര്യ വികസനത്തിനും നവീകരണ പ്രവർത്തനങ്ങൾക്കും വേണ്ടി മഹത്തായ സംഭാവന നൽകാൻ എന്റെ ഗവൺമെന്റിന് കഴിഞ്ഞിട്ടുണ്ട്. വി.എച്ച്.എഫ്. പോലുള്ള പുതിയ വാർത്താവിനിമയസാമഗ്രികൾ സംസ്ഥാനത്തെ വിവിധ തുറമുഖങ്ങളിൽ സ്ഥാപിക്കപ്പെട്ടിട്ടുണ്ട്. അടുത്ത വർഷം അഴീക്കൽ, വിഴിഞ്ഞം എന്നീ തുറമുഖങ്ങളുടെ വികസനത്തിന് കൂടുതൽ ഊന്നൽ നൽകുന്നതാണ്. തിരഞ്ഞെടുത്ത തുറമുഖങ്ങളെ റോഡ്/റയിൽ മാർഗേണ ബന്ധിപ്പിക്കുന്നതിന് ആവശ്യമുള്ള സ്ഥലം ഏറ്റെടുക്കുന്നതാണ്.

55. കേരളത്തിന് ഒരു ശോഭനമായ ഭാവി ഞാൻ മുന്നിൽ കാണുന്നു. സാമൂഹിക, സാംസ്ക്കാരിക, ആരോഗ്യ മേഖലകളിൽ മറ്റ് സംസ്ഥാനങ്ങൾക്കും, ലോകത്തുള്ള മറ്റു രാഷ്ട്രങ്ങൾക്ക് തന്നെയും ഈ സംസ്ഥാനം എക്കാലവും ഒരു മാതൃകയായിരുന്നിട്ടുണ്ട്. അതുപോലെ മറ്റ് മേഖലകളിലും നമ്മൾ ഇപ്പോൾ മഹത്തായ മുന്നേറ്റം നടത്തിക്കൊണ്ടിരിക്കുകയാണ്. എന്നിരുന്നാലും നമുക്ക് ധാരാളം വെല്ലുവിളികൾ നേരിടേണ്ടതുണ്ട്. കേരളത്തിലെ ജനങ്ങൾ അവ വിജയകരമായി നേരിടുമെന്നതിൽ എനിക്ക് യാതൊരു സംശയവുമില്ല.

ഈ സമ്മേളനത്തിലെ ചർച്ചകൾക്ക് ഞാൻ എല്ലാ വിജയങ്ങളും ആശംസിക്കുന്നു.

ജയ് ഹിന്ദ്

LIBRARY ARCHIVES Kerala Legislative Assembly